# أهْلًا العربية

# അഹ്‌ലൻ അറബിക്
## റിസർച്ച് റിപ്പോർട്ട്

## AHLAN ARABIC

SCERT

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
Ph: 0471 234 18 83 , 2340323 , email: scertkerala@gmail.com

## തയ്യാറാക്കിയവർ

| | |
|---|---|
| ഫൈസൽ പി | - ജി.എൽ.പി.എസ് വളയപ്പുറം,മലപ്പുറം |
| നജ്മുദ്ദീൻ കെ.കെ | - ജി.എൽ.പി.എസ് പള്ളിശ്ശേരി,മലപ്പുറം |
| സഫീർ മുഹ്സിൻ | - ജി.എൽ.പി.എസ് മംഗലപുരം,തിരുവനന്തപുരം |
| അനീസ് കെ.എച്ച് | - ജി.എച്ച്.എസ് ശ്രീകാര്യം,തിരുവനന്തപുരം |
| മുഹമ്മദ് നിസാമി ടി.പി | - ജി.യു.പി.എസ് പുഴാതി, കണ്ണൂർ |
| അബ്ദുൽ സലാം എം.എച്ച് | - എസ്.ജെ.ടി.ടി.ഐ മാനന്തവാടി,വയനാട് |
| അബ്ദുൽ റസാഖ് | - ജി.എച്ച്.എസ്.എസ് പുതുപ്പറമ്പ്,മലപ്പുറം |
| അബ്ദുൽ ലത്തീഫ് | - ജി.യു.പി.എസ് നാദാപുരം,കോഴിക്കോട് |
| സാദിക്വ് എസ് | - ടി.കെ.ഡി.എം ശൂരനാട്,കൊല്ലം |
| ശൗക്കത്ത് അലി | - ജി.എൽ.പി.എസ് പൂക്കുളം,മലപ്പുറം |
| സഊദ് അസ്‌ലം | - മദാരി ഹൌസ് പൊന്നാനി,മലപ്പുറം |

<u>അക്കാദമിക് കോ–ഓർഡിനേറ്റർ</u>

**ഡോ.എ സഫീറുദ്ദീൻ**

(റിസർച്ച് ഓഫീസർ, എസ്.സി.ആർ.ടി തിരുവനന്തപുരം)

**അധ്യായം** 1

1–1 ആമുഖം

1–2 അഹ്‌ലൻ അറബിക് – ആവശ്യകതയും പ്രത്യേകതയും.

1–3 പ്രോബ്ലം സ്റ്റേറ്റ്മെന്റ്

1–4 ഗവേഷണ പശ്ചാത്തലം

1–5 ലക്ഷ്യങ്ങൾ

1–6 അനുമാനം. (hypothesis)

**അധ്യായം** 2

2.1 ഭാഷയും ഭാഷാപഠനവും

2.2 അറബി ഭാഷ

2.3 അറബി ഭാഷാധ്യാപനം കേരളീയ സാഹചര്യത്തിൽ

2.4 കേരളത്തിലെ അറബി ഭാഷാ വളർച്ചയും വികാസവും

2.5 പദ്ധതി വിശകലനം

2.6 സമാന പഠനങ്ങൾ

**അധ്യായം** 3

സമാന പഠനങ്ങൾ

**അധ്യായം** 4

4–1 ആമുഖം

4–2 തന്ത്രങ്ങൾ, പഠന പ്രവർത്തനങ്ങൾ

4.2.1– പ്രീ ടെസ്റ്റ് ടൂൾ

4.2.2– പഠന സാമ്പിൾ

4–3 മൊഡ്യൂൾ–പ്രധാന പ്രവർത്തനങ്ങളും വ്യവഹാരരൂപങ്ങളും

4–4 പോസ്റ്റ് ടെസ്റ്റ്

**അദ്ധ്യായം 5**

5–1 സാമഗ്രികൾ – പ്രീ ടെസ്റ്റ്

5–2 കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

5–3 മൊഡ്യൂൾ വിശകലനം

5–4 പോസ്റ്റ് ടെസ്റ്റ്

**അദ്ധ്യായം 6**

6–1 കണ്ടെത്തലുകൾ

6.1.1. ആസൂത്രണം

6.1.2 നടപ്പിലാക്കൽ

6.1.3 നിരീക്ഷണവും വിലയിരുത്തലുകളും

6.1.4 പ്രവർത്തനങ്ങൾ തന്ത്രങ്ങൾ

6.1.5 മനോഭാവം.

6.1.6 ഉൽപ്പന്നങ്ങൾ

6.1.7 വിദ്യാർഥികൾ.

6–2 നിർദ്ദേശങ്ങൾ

6–3 റഫറൻസ്

# അധ്യായം 1

1–1 ആമുഖം

1–2 അഹ്ലൻ അറബിക് – ആവശ്യകതയും പ്രത്യേകതയും.

1–3 പ്രോബ്ലം സ്റ്റേറ്റ്മെൻറ്

1–4 ഗവേഷണ പശ്ചാത്തലം

1–5 ലക്ഷ്യങ്ങൾ

1–6 അനുമാനം. (hypothesis)

# അഹ്‌ലൻ അറബിക്

## أهـــلا الـعـربيـــة

### 1– ആമുഖം

ആശയങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന വിധം വിനിമയം ചെയ്യുന്നതിനുള്ള മാർഗമാണല്ലോ ഭാഷ. ലിപിയുള്ളതും ഇല്ലാത്തതുമായ ഭാഷകൾ ലോകത്ത് നിലനിൽക്കുന്നുണ്ട്. ലോക ഭാഷകളിൽ അറബി അത്യുന്നത സ്ഥാനം അലങ്കരിക്കുന്നു. സെമിറ്റിക് കുടുംബത്തിൽ ഇന്നും മേന്മയേറിയ ഭാഷയാണ് അറബി. സാഹിത്യ മേന്മ കൊണ്ടും സാംസ്കാരിക പശ്ചാത്തലങ്ങളിലെ അവാച്യമായ ഇടപെടലുകൾ കൊണ്ടും അറബിഭാഷ ഇതര ഭാഷകളിൽ നിന്നും ഏറെ വൈവിധ്യം പുലർത്തുന്നു. 1973 ൽ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷകളിൽ അറബി ഉൾപ്പെടുത്തിയത് അതിന്റെ സ്വീകാര്യതയെ ബോധ്യപ്പെടുത്തുന്നു.

ഇന്ത്യയിൽ അറബി ഭാഷക്ക് ഏറ്റവും കൂടുതൽ പ്രചാരം ലഭിച്ചത് കേരളത്തിലാണ്. കാരണം പ്രാചീനകാലം മുതലേ അറബികളും കേരളീയരും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അറബി സാഹിത്യത്തിന്റെ ഉയർച്ചക്കും വളർച്ചക്കും അതുല്യ പങ്കുവഹിച്ചവരാണ് കേരളീയർ. അറബി സാഹിത്യ ശാഖകളുടെ വ്യത്യസ്ത മേഖലകളിലുള്ള മലയാളിയുടെ സംഭാവനകൾ അറേബ്യൻ രചനകളിൽനിന്ന് വ്യത്യസ്തമായിരുന്നു എന്നത് സാഹിത്യ അവബോധത്തെ ഉയർത്തിക്കാട്ടുന്നു. ഇന്ത്യൻ ക്ലാസിക്കുകളായ മഹാഭാരതം, രാമായണം, പഞ്ചതന്ത്രകഥകൾ തുടങ്ങിയവയും അറബിയിൽ ലഭ്യമാണ്. ഗാന്ധിജി, ടാഗോർ, മൗലാനാ ആസാദ്, കുമാരനാശാൻ, തകഴി, കമലസുരയ്യ, കെ കെ എൻ കുറുപ്പ്, പെരുമ്പടവം ശ്രീധരൻ, ഡോ. ശശി തരൂർ,എം.ടി വാസുദേവൻ നായർ, ബെൻയാമീൻ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ

അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു എന്നത് അറബിഭാഷയുടെ സമകാലിക പ്രസക്തി വർധിപ്പിക്കുന്നു.

ലോകത്ത് അറബി ഭാഷ സ്വായത്തമാക്കിയവർക്ക് തൊഴിലവസരങ്ങൾ ധാരാളമാണ്. അറബി ഇംഗ്ലീഷ് ഭാഷകൾ സ്വായത്തമാക്കുകയും കമ്പ്യൂട്ടറിലും വിവർത്തനരംഗത്തും അവഗാഹം നേടുകയും ചെയ്യുവർക്ക് കേരളത്തിനകത്തും പുറത്തും വിവിധങ്ങളായ തൊഴിലവസരങ്ങൾ തുറന്നുകിടക്കുന്നുണ്ട്. കേരളത്തിനു പുറത്ത് ൨൦൦ൽപരം യൂണിവേഴ്സിറ്റികളിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി അറബി ഭാഷയിൽ ബിരുദാനന്തര ബിരുദവും NETഉം അല്ലെങ്കിൽ Mphil/PHD യോഗ്യതയുള്ളവർക്ക് നിരവധി തൊഴിലവസരങ്ങളുമുണ്ട്. അധ്യാപനരംഗത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതല്ല അറബി ഭാഷയിലെ അസരങ്ങൾ. ഭാഷാ പരിജ്ഞാനവും മികച്ച ആശയ വിനിമയ പാടവവും ഉള്ളവർക്ക് ആകാശവാണി, ദൂരദർശൻ, സി എൻ എൻ, അൽ ജസീറ തുടങ്ങിയ വാർത്താ മാധ്യമങ്ങളിലും കേന്ദ്രസർക്കാരിന്റെ (ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ്) സാംസ്കാരിക വകുപ്പ് തുടങ്ങിയവയവയിലും അവസരങ്ങളുണ്ട്. വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ള നയതന്ത്രചർച്ചകളിലും അന്താരാഷ്ട്ര കൂടിയാലോചനകളിലും ഭാഷാ വിവർത്തകന്മാരുടെ തസ്തികയുണ്ട്. എംബസികൾ പോലെയുള്ള സ്ഥാപനങ്ങളിൽ മികച്ച ഭാഷാപരിജ്ഞാനം ഉള്ളവർക്ക് തൊഴിലവസരങ്ങൾ ഏറെയാണ്. അറബിഭാഷയിൽ അംഗീകൃത സർവ്വകലാശാല ബിരുദമുള്ളവർക്കും പ്രതിരോധ സേനകളിലും അവസരമുണ്ട് കമ്പ്യൂട്ടറിൽ അറബിക് ഓപ്പറേറ്റിംങ്ങ് സിസ്റ്റത്തിൽ ഡി. ടി. പി. അറബിക് ടൈപ്പിങ്ങിലും യോഗ്യതയും ഭാഷാപരിജ്ഞാനവും ഉള്ളവർക്ക് വിവിധ കമ്പനികളിൽ നല്ല ശമ്പളത്തോടെ ജോലി ചെയ്യാനുള്ള അവസരങ്ങളുണ്ട്. വിദേശ രാജ്യങ്ങളിൽ സ്റ്റെനോഗ്രാഫർ, തർജ്ജമ, വിസ തർജ്ജമ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും അവസരങ്ങളുണ്ട്. ഓഫീസുകളിലും സ്ഥാപനങ്ങളിലും അക്കൗണ്ടന്റ്, സെക്രട്ടറി എന്നീ തസ്തികകളിലും സാധ്യതകളുണ്ട്. അറബി ഇംഗ്ളീഷ് ഭാഷാ പരിജ്ഞാനവും ലൈബ്രറി സയൻസിൽ ബിരുദവും, ബിരുദാനന്തര ബിരുദവും ഉള്ളവർക്ക് ഇന്ത്യയിലെയും വിദേശത്തെയും ഉന്നത സർവ്വകലാശാലകളിൽ ലൈബ്രേറിയനായും ജോലി നേടാൻ അവസരങ്ങളുണ്ട്. അറബി ഭാഷയിലും വിവർത്തന കലയിലും പ്രാവിണ്യവും സാഹിത്യാഭിരുചിയും ഉള്ളവർക്ക് സ്വദേശത്തും വിദേശത്തുമുള്ള പത്രമാസികകളിലും ഇന്റർനെറ്റ്, ഓൺലൈൻ എഡിഷനുകളിലും ലേഖകന്മാരായും വിവർത്തകരായും തിളങ്ങാൻ സാധിക്കും.

**2– അഹ്ലൻ അറബിക് – ആവശ്യകതയും പ്രത്യേകതയും.**

കേരളത്തിലെ പ്രൈമറിതലം മുതൽ യൂണിവേഴ്സിറ്റിതലം വരെ അറബി ഭാഷാ

പഠന ഗവേഷണങ്ങൾ നടന്നുവരുന്നു. വിവിധതരം സമീപനങ്ങളാണ് ഭാഷാപഠനത്തിന് അവലംബിച്ചിരുന്നത്. ഇന്ന് ജ്ഞാനനിർമ്മിതി സിദ്ധാന്തത്തിൽ അധിഷ്ഠിതമായ രീതിയാണ് പിന്തുടരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രൈമറി തലത്തിലെ പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഈ പഠനരീതി അവലംബിച്ചതിന്റെ ഭാഗമായി ഉന്നതനിലവാരമുള്ള സർഗാത്മക രചനകൾ നടത്താനും സന്ദർഭോചിതമായി ആശയങ്ങൾ ആവിഷ്കരിക്കാനുമുള്ള ശേഷി കൈവരിച്ച കുട്ടികളുടെ എണ്ണം ഗണ്യമായി വർധിച്ചിട്ടുണ്ട്. എന്നാലും ചെറിയ ശതമാനം കുട്ടികൾക്ക് കരിക്കുലം മുന്നോട്ടുവെക്കുന്ന ഭാഷാ ശേഷികൾ വേണ്ടത്ര കൈവരിക്കാൻ സാധിച്ചിട്ടില്ല. അത്തരം കുട്ടികളെ ഉയർത്തി കൊണ്ടുവരുവാൻ വേണ്ടിയാണ് അഹ്‌ലൻ അറബിക് എന്ന പഠന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രൈമറി ക്ലാസ്സുകളിലെ പഠന പിന്നാക്കം നിൽക്കുന്ന കുട്ടികളെയാണ് ഇത് ലക്ഷ്യം വെയ്ക്കുന്നത്. ആശയങ്ങളിൽ നിന്ന് വാക്യങ്ങളിലേക്കും, വാക്യങ്ങളിൽ നിന്ന് പദങ്ങളിലേക്കും, പദങ്ങളിൽ നിന്ന് അക്ഷരങ്ങളിലേക്കും ഒഴുകിക്കൊണ്ടിരിക്കുന്ന പഠന രീതിയാണ് ഇതിലും അവലംബിച്ചിട്ടുള്ളത്. വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെ ഭാഷ ആസ്വദിച്ച് പഠിക്കാനും അതിനെ ആവിഷ്കരിക്കാനുമുള്ള അവസരം ഈ പദ്ധതി സൃഷ്ടിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തുന്ന 25 മണിക്കൂർ ദൈർഘ്യമുള്ള വിവിധ പഠന പ്രവർത്തനങ്ങൾ അടങ്ങിയ ഈ പദ്ധതിയിലൂടെ കടന്നുപോകുമ്പോൾ അറബി ഭാഷ അനായാസം എഴുതുവാനും വായിക്കാനുമുള്ള ശേഷി കുട്ടികൾ നേടിയെടുക്കും. അതോടൊപ്പം സന്ദർഭങ്ങൾക്കനുസരിച്ച് ഭാഷാ ഘടകങ്ങളെ പ്രയോഗിക്കാനുമുള്ള കഴിവും നേടുന്നു.

## 3- പ്രോബ്ലം സ്റ്റേറ്റ്മെൻറ്

അറബി ഭാഷയിൽ ആശയം ഗ്രഹിച്ചുള്ള വായന, രചന, ഭാഷാ ഘടകങ്ങളെ സന്ദർഭോചിതമായി ഉപയോഗിക്കൽ, ആശയ വിനിമയം നടത്താനുള്ള ശേഷി തുടങ്ങിയവ വേണ്ടത്ര കൈവരിക്കാത്ത ചെറിയ ശതമാനം കുട്ടികൾ പ്രൈമറി ക്ലാസുകളിലുണ്ട്.

## 4- ഗവേഷണ പശ്ചാത്തലം

അറബികളും കേരളവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കച്ചവടത്തിനായി പുരാതന കാലം മുതൽ അറബികൾ കേരളത്തിലെത്തിയിരുന്നു. കച്ചവടത്തോടൊപ്പം ഭാഷാവിനിമയവും സാംസ്കാരിക കൈമാറ്റവും നടന്നു. കേരളത്തിൽ അറബി ഭാഷ എപ്പോൾ പ്രചരിച്ചുവെന്ന് കൃത്യമായി തെളിയിക്കപ്പെട്ടിട്ടില്ല. ലഭ്യമായ തെളിവുകൾ വെച്ചു നോക്കുമ്പോൾ, അറബി ഭാഷാ സാന്നിധ്യം ആദ്യമായി കണ്ടെത്തിയത് ഒമ്പതാം നൂറ്റാണ്ടിലെ തരിസാ പള്ളി

ശാസനങ്ങളിലാണ്. ചേരരാജാവായ സ്ഥാണുരവി കുലശേഖരന്റെ കാലത്ത് (ക്രി 849) കൊല്ലത്ത് നിർമ്മിച്ച തരിസാ പള്ളിക്ക് നൽകിയ പ്രദേശത്തിന്റെ ചെമ്പ് പട്ടയങ്ങളാണ് പ്രസ്തുത ശാസനം. അതിൽ സാക്ഷികളായി അന്നത്തെ കൊല്ലം തീരത്തെ അറബി വ്യാപാരികളും കൂഫി ലിപിയിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്നതായി കാണാം. കേരളത്തിലെ അറബി ഭാഷാ സാന്നിധ്യം തെളിയിക്കുന്ന പ്രഥമ ചരിത്രരേഖ ഇതായിരിക്കാം. പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച പ്രസിദ്ധ സഞ്ചാരി ഇബ്നു ബത്തൂത്ത മലബാറിൽ അങ്ങിങ്ങായി നിലനിന്നിരുന്ന അറബി സാന്നിധ്യത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. അൽ ഖൈദുൽ ജാമിഅ് എന്ന ഗ്രന്ഥമാണ് കേരളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ അറബി ഗ്രന്ഥം.

പൊന്നാനിയിൽ മഖ്ദൂമുമാർ രംഗപ്രവേശം ചെയ്തതോടെയാണ് അറബി ഭാഷ ഇവിടെ സജീവ സാന്നിധ്യമറിയിച്ചത്. പൊന്നാനിയിൽ മഖ്ദൂമുമാർ സ്ഥാപിച്ച വിജ്ഞാന കേന്ദ്രം നിലവിൽ വന്നതോടെയാണ് വൈജ്ഞാനിക സാഹിത്യരംഗത്ത് നവോത്ഥാനം ഉടലെടുക്കുന്നത്. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പഠിതാക്കൾ ഇവിടെ പഠനം നടത്തിയിരുന്നു. കേരളീയ പണ്ഡിതന്മാരിൽ വിപുലമായ തോതിൽ അറബിയിൽ ആദ്യമായി സാഹിത്യരചന നടത്തിയത് ശൈഖ് സൈനുദ്ദീൻ ഒന്നാമനായിരുന്നു. അദ്ദേഹത്തിന്റെ പൗത്രനായ ശൈഖ് സൈനുദ്ദീൻ രണ്ടാമനാണ് കേരളീയ പണ്ഡിതന്മാരിൽ ലോകപ്രശസ്തനായ അറബി ഭാഷാ പണ്ഡിതൻ. സഊദി അറേബ്യയിലെ ഉന്നത പണ്ഡിതന്മാരിൽ നിന്ന് ഉപരി പഠനം നടത്തിയ ഇദ്ദേഹം കേരളത്തിൽ തിരിച്ചെത്തിയ ശേഷം കേരളത്തിലെ വൈജ്ഞാനിക പുരോഗതിക്കായി പ്രയത്നിച്ചു. വിദ്യാഭ്യാസ രംഗത്ത് ഒരു പാഠ്യക്രമം ആവിഷ്കരിച്ച നടപ്പാക്കുകയും ചെയ്തു.

പതിനഞ്ചാം നൂറ്റാണ്ടിന് ശേഷം കേരളത്തിൽ അറബി ഭാഷാ രംഗത്ത് സജീവമായ ചലനങ്ങൾ നടന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ഇക്കാലത്ത് അറബി ഭാഷക്ക് വലിയ സംഭാവനകൾ നൽകിയവരാണ് വെളിയങ്കോട് ഉമർ ഖാസി, മമ്പുറം സയ്യിദ് അലവി തങ്ങൾ പോലെയുള്ളവർ. ഇരുപതാം നൂറ്റാണ്ടിൽ അറബി ഭാഷാ രംഗം സജീവമായത് ചാലിലകത്ത് കുഞ്ഞഹമ്മദാജി വാഴക്കാട് ആരംഭിച്ച സ്ഥാപനമായ തൻമിയത്തുൽ ഉലൂമിന്റെ ആവിർഭാവത്തോടെയായിരുന്നു. അതിൽ പരമ്പരാഗത വിദ്യഭ്യാസ രീതിശാസ്ത്രത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായ പഠന ശൈലിയായിരുന്നു സ്വീകരിച്ചിരുന്നത്. 1912 –ൽ തിരുവിതാംകൂറിലെ ചില സർക്കാർ വിദ്യാലയങ്ങളിൽ വക്കം മൗലവിയുടെ ശ്രമഫലമായി അറബി ഭാഷാപഠനം ആരംഭിച്ചു. തിരുവിതാംകൂറിലെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡോ. ബിഷപ്പിനെ കണ്ട് നിവേദനം സമർപ്പിച്ചതിന്റെ ഫലമായി 1914 ൽ അറബി ഭാഷ പഠിക്കുന്ന ഇരുപത്തഞ്ച് കുട്ടികളെങ്കിലുമുള്ള സ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കാനുള്ള

ഉത്തരവിറക്കി. റിലീജിയസ് ഇൻസ്ട്രക്ടർമാരായി വക്കം അബ്ദുൽ കാദർ മൗലവിയെ തിരുവനന്തപുരത്തും സയ്യിദ് സൈനുൽ ആബിദീനെ ആലപ്പുഴയിലും നിയമിച്ചു. പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കിയിരുന്നതും അദ്ധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നതും അവർ തന്നെയായിരുന്നു. ഇൽമുൽ ഖിറാഅ, അഹ്കാമു തജവീദ് എന്നീ രണ്ടു ടീച്ചർ ടെക്സ്റ്റുകൾ അവർ തയ്യാറാക്കി. സ്കൂൾ പഠന സമയത്തിന് മുമ്പ് നടന്നിരുന്ന ഭാഷാ ക്ലാസ്സുകൾ സർ. സി.പി.രാമസ്വാമി അയ്യർ ദിവാനായിരിക്കേ സ്കൂൾ പഠന സമയത്ത് തന്നെ ക്രമീകരിക്കുകയും അധ്യാപകർക്ക് അറബി മുൻഷി എന്ന് പേരു നൽകുകയും ചെയ്തു.

എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നു ബ്രിട്ടീഷ് ആധിപത്യത്തിന് കീഴിലായിലായിരുന്ന മലബാറിലെ ഭാഷാ പഠനം. ഓത്തുപള്ളികളെ എയ്ഡഡ് മാപ്പിള സ്കൂളുകളാക്കി മാറ്റി. അവിടെയുണ്ടായിരുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും അവിടെത്തന്നെ നിയമനം നൽകുകയും ചെയതു. 1930 –ൽ മദിരാശി മുൻ ഗവർണ്ണർ സർ. മുഹമ്മദ് ഉസ്മാന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് അനുസരിച്ച് റിലീജിയസ് ഇസ്ട്രക്ടർമാരെ നിയമിച്ചു. സ്വാതന്ത്ര്യാനന്തരം അവരെ പിരിച്ച് വിടുകയും ചെയ്തു.

1956ൽ കേരളം രൂപവൽക്കരിക്കുമ്പോൾ മലബാറിൽ അപൂർവ്വം സ്കൂളുകളിൽ ഫസ്റ്റ് ഫോറം മുതൽ (ആറാം തരം) അറബി അധ്യാപകരുണ്ടായിരുന്നു. എന്നാൽ തിരുവിതാംകൂറിലേത് പോലെ പ്രൈമറി വിദ്യാലയങ്ങളിൽ ഈ സൗകര്യം ഉണ്ടായിരുന്നില്ല. 1957 –ൽ ഇ.എം.എസ് മന്ത്രിസഭ അധികാരമേറ്റത് മുതൽ ഇതിൽ ഏകീകരണത്തിനു ശ്രമം തുടങ്ങി. തിരുവിതാംകൂറിലെ നിയമങ്ങളും ചട്ടങ്ങളും മലബാറിലേക്കു കൂടി കൊണ്ടു വരണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എച്ച് . മുഹമ്മദ് കോയയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചു. ഇതിന്റെ ഫലമായി 1958 –ലെ കേരള വിദ്യാഭ്യാസ നിയമങ്ങളിൽ വ്യവസ്ഥയുണ്ടായി. 100 കുട്ടികൾ പഠിക്കുന്ന സ്കൂളിൽ അറബി തസ്തിക സൃഷ്ടിക്കാം. 15 പീരിയഡ് ഉണ്ടെങ്കിൽ ഫുൾടൈം ആയി പരിഗണിക്കാം. പക്ഷേ നിയമനം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമായിരിക്കും. പണമില്ല എന്ന പേരിൽ തസ്തികകൾ അംഗീകരിക്കാത്ത പ്രശ്നമുണ്ടായി. കേരളത്തിൽ പ്രസിഡണ്ട് ഭരണമായിരിക്കെ കെ.എം.സീതി സാഹിബിന്റേയും ഡോക്ടർ കെ.ബി.മേനോന്റേയും നേതൃത്വത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ശ്രീമാലിക്കും കേരള ഗവർണർക്കും നിവേദനം നൽകിയതിന്റെ ഫലമായി കുറച്ചു തസ്തികകൾ അംഗീകരിക്കപ്പെട്ടു.

# പാഠ്യപദ്ധതി

കേരളത്തിലെ സ്കൂളുകളിലെ അറബി ഭാഷാ പഠനം സാവകാശത്തിലാണ് വളർന്നുവന്നത്. തുടക്കത്തിൽ വളരെ ദുർബലമായിരുന്നു അറബി അധ്യാപന സൗകര്യങ്ങൾ. ഗവൺമെന്റിന് കൃത്യമായി അറബി അധ്യാപകരെ നിയമിക്കുന്നതിനുള്ള സംവിധാനമോ കേന്ദ്രീകൃത സിലബസോ പാഠപുസ്തകങ്ങളോ ഉണ്ടായിരുന്നില്ല. പത്താം ക്ലാസിൽ മാത്രമാണ് ഒരു പൊതു ടെക്സ്റ്റ് ബുക് ഉണ്ടായിരുന്നത്. മറ്റു ക്ലാസുകളിൽ ഓരോ സ്കൂളിലും അവരവരുടെ സൗകര്യത്തിനുള്ള പുസ്തകങ്ങളാണ് പഠിപ്പിച്ചിരുന്നത്. ഇത് മലബാർ ജില്ലയിലെ അവസ്ഥയായിരുന്നു. തിരുവിതാംകൂറിൽ കുറേക്കൂടി മെച്ചമായിരുന്നു സ്ഥിതി. ഓരോ ക്ലാസിലും എന്തൊക്കെ പഠിപ്പിക്കണം എന്ന് സിലബസ് ഉണ്ടായിരുന്നു. മദ്രാസ് ഗവൺമെന്റ് തയാറാക്കിയതാണത്. പക്ഷേ, അതിന് കേന്ദ്രീകൃത ടെക്സ്റ്റ് ബുക്കൊന്നും ഇല്ല. നിശ്ചിത സിലബസ് പൂർത്തീകരിക്കാൻ പാകത്തിലുള്ള പുസ്തകങ്ങൾ ഓരോ സ്കൂളിലും അധ്യാപകർ തന്നെ തെരഞ്ഞെടുക്കലായിരുന്നു പതിവ്. പത്താം ക്ലാസിൽ പൊതുപരീക്ഷ ഉണ്ടായിരുന്നതിനാൽ അതിനുവേണ്ടി ഖിറാഅത്തുർറശീദ പോലെയുള്ള പൊതു പുസ്തകം തയാറാക്കിയിരുന്നു.

ഐക്യകേരളം രൂപീകരിക്കപ്പെട്ടശേഷമാണ് മലബാറിൽ അറബി ഭാഷാ അധ്യാപനത്തിൽ കാര്യമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നത്. കേന്ദ്രീകൃതമായ സിലബസും പാഠപുസ്തകങ്ങളും തയാറാക്കാനുള്ള തീരുമാനമായിരുന്നു അതിന്റെ ആദ്യപടി. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിലേക്ക് അറബിക് ടെക്സ്റ്റ് ബുക് തയാറാക്കാൻ ഒരു കമ്മിറ്റിക്ക് ഗവൺമെന്റ് രൂപം കൊടുത്തു. കരുവള്ളി മുഹമ്മദ് മൗലവിയായിരുന്നു കൺവിനർ. ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലേക്ക് കേരള അറബിക് റീഡർ എന്ന പേരിൽ പാഠപുസ്തകങ്ങൾ തയാറാക്കി. തുടക്കത്തിൽ തയാറാക്കിയ പുസ്തകങ്ങൾ പെട്ടെന്ന് തന്നെ പരിഷ്കരിക്കാൻ ആരംഭിക്കുകയും ചെയ്തു. 3,5,7,9 ക്ലാസുകളിലെ പുസ്തകമാണ് ആദ്യം പരിഷ്കരിച്ചത് . തുടർന്ന് 2,4,6,8 ക്ലാസുകളിലേതും പരിഷ്കരിച്ചു. ഒരു ടേമിലെ മാറ്റത്തിന് ഏതാണ്ട് അഞ്ചു വർഷമെടുത്തു. അടുത്ത ഘട്ടത്തിൽ ഗൈഡും ഹാന്റ്ബുക്കും തയാറാക്കി അറബി ഭാഷാപഠനം കുറേക്കൂടി കാര്യക്ഷമമാക്കാൻ സാധിച്ചു.

ആദ്യകാല പാഠപുസ്തകങ്ങളും അദ്ധ്യാപന രീതികളും ഇന്നത്തേതിൽ നിന്ന് തീർത്തും വ്യതിരിക്തമായിരുന്നു. മനഃപാഠം പഠിക്കലും പരിഭാഷാ (Translation Method) രീതിയുമായിരുന്നു അന്ന് പിന്തുടർന്നിരുന്നത് . ആഗോളതലത്തിൽ ഭാഷാ പഠനത്തെ കുറിച്ച് നടന്ന പഠന ഗവേഷണങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് Issue Based Curriculum, Social Constructivism, Constructivism എന്നിവ

നിലവിൽ വന്നത് . പഠിതാവിൽ കേന്ദ്രീകൃതമായ പ്രക്രിയാ ബന്ധിതവും പ്രവർത്തനോന്മുഖവും മൂല്യാധിഷ്ഠിതവുമായ പാഠ്യപദ്ധതിയാണ് കേരള സ്കൂൾ പാഠ്യപദ്ധതി (2013) യുടെ സവിശേഷത. ബൗദ്ധിക തലത്തിലും പ്രക്രിയാ തലത്തിലും മനോഭാവത്തിലും മൂല്യതലത്തിലും പഠിതാവ് എത്തിച്ചേരേണ്ട പഠന നേട്ടങ്ങൾക്ക് ഊന്നൽ നൽകുകയും, ജ്ഞാന നിർമ്മിതി എന്ന താത്ത്വികമായ അടിത്തറയിൽ നിന്നുകൊണ്ടുള്ള പാഠ്യപദ്ധതി വിനിമയ പ്രക്രിയയിൽ വൈവിധ്യമാർന്നതും യുക്തവുമായ പഠനതന്ത്രങ്ങൾ സ്വീകരിക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം അധ്യാപകർക്ക് നൽകുന്നു. എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പാക്കുക എന്നതിനും പ്രാധാന്യം നൽകുന്നു. പഠിതാവിന്റെ ആർജ്ജിതമായ അറിവിനെയും ആശയ പരിസരത്തെയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ സ്വാഭാവികമായി അറിവ് നിർമ്മിച്ചെടുക്കാൻ സാധിക്കുമെന്നതാണ് ഈ കാഴ്ചപ്പാടിന്റെ പ്രത്യേകത.

ഈ അടിത്തറയിൽ തയ്യാറാക്കപ്പെട്ട പാഠപുസ്തകം വിനിമയം ചെയ്തതിലൂടെ കരിക്കുലം മുന്നോട്ടുവച്ച പഠന നേട്ടങ്ങൾ കൈവരിച്ച കുട്ടികളുടെ ശതമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ചെറിയ ശതമാനം കുട്ടികൾക്ക് ഭാഷാശേഷികൾ വേണ്ടത്ര കൈവരിക്കാൻ സാധിച്ചിട്ടില്ല. ഇത്തരം കുട്ടികളെ മറ്റുള്ളവരോടൊപ്പം എത്തിക്കാൻ വേണ്ടിയുള്ള പദ്ധതികളോ ഗവേഷണങ്ങളോ പഠനങ്ങളോ നടന്നിട്ടില്ലാത്ത സാഹചര്യത്തിലാണ് *അഹ്‌ലൻ അറബിക്* എന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. പ്രൈമറി തലത്തിൽ ഉള്ള കുട്ടികൾക്ക് അനായാസം അറബി എഴുതാനും വായിക്കാനും സന്ദർഭങ്ങൾക്കനുസരിച്ച് ഭാഷ പ്രയോഗിക്കാനുള്ള ശേഷി കൈവരിക്കണമെന്നാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമാക്കുന്നത്.

## 5– ലക്ഷ്യങ്ങൾ

1. **ആശയം ഗ്രഹിച്ചു കൊണ്ട് വായിക്കാനുള്ള ശേഷി നേടുക.**
2. **ഭാഷാ ഘടകങ്ങൾ സന്ദർഭോചിതമായി ഉപയോഗിക്കാനുള്ള ശേഷി നേടുക.**
3. **അറബി ഭാഷയിൽ രചനാ ശേഷി നേടുക.**
4. **സാഹചര്യങ്ങൾക്കനുസരിച്ച് ആശയവിനിമയം നടത്താനുള്ള ശേഷി നേടുക.**
5. **വൈവിധ്യമാർന്ന പഠനാനുഭവങ്ങളിലൂടെ ഭാഷ ആസ്വദിക്കാനുള്ള അവസരം സൃഷ്ടിക്കുക.**

## 6 അനുമാനം. (hypothesis)

- അഹ്ലൻ അറബിക് പഠനപദ്ധതിയിലൂടെ കടന്നുപോകുന്ന ഓരോ കുട്ടിക്കും അറബിഭാഷ ആശയം ഗ്രഹിച്ച് വായിക്കുവാനും തെറ്റുകൂടാതെ എഴുതാനുമുള്ള ശേഷി നേടും.
- അറബിയിൽ ആശയവിനിമയത്തിനും ഭാഷാഘടകങ്ങളെ പ്രയോഗവത്കരിക്കാനുമുള്ള ശേഷി നേടും.
- ആസ്വാദനത്തിലൂടെ ഭാഷ സ്വായത്തമാക്കാൻ സാധിക്കും.

# അധ്യായം 2

2.1 ഭാഷയും ഭാഷാപഠനവും

2.2 അറബി ഭാഷ

2.3 അറബി ഭാഷാധ്യാപനം കേരളീയ സാഹചര്യത്തിൽ

2.4 കേരളത്തിലെ അറബി ഭാഷാ വളർച്ചയും വികാസവും

2.5 പദ്ധതി വിശകലനം

# അറബി ഭാഷാധ്യാപനം കേരളത്തിൽ

## 2-1 ഭാഷയും ഭാഷാപഠനവും

ഭാഷ മനുഷ്യരെ മറ്റ ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തരാക്കിത്തീർക്കുന്ന ഒരു സവിശേഷപ്രതിഭാസമാണ്. മനസ്സ്, ചിന്ത, ഭാവന, പങ്കുവെയ്ക്കൽ, സംസ്കാരം, ലോകബോധം, ആശയവിനിമയം എന്നിങ്ങനെ ജീവിതം പൂർണ്ണമായിത്തന്നെ ഭാഷയുടെ ആവിഷ്കാര മണ്ഡലത്തിൻകീഴിലാണ് സാർത്ഥകമായിത്തീരുന്നത്. മനുഷ്യരെ തമ്മിൽ പ്രാഥമികമായി വേർതിരിക്കുന്ന ഓന്നാമത്തെ ആന്തരിക സവിശേഷയാണ് ഭാഷ എന്നതും ശ്രദ്ധേയമാണ്. 'സംസാരിക്കുന്ന ജീവി' എന്നനിലയിൽ മനുഷ്യൻ മനുഷ്യനു തന്നെ ഒരത്ഭുതവസ്തുവാണ്. അതുകൊണ്ട് ഭാഷയുടെ ആവിർഭാവത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ മനുഷ്യൻ മനുഷ്യനെപ്പറ്റി അത്ഭുതപ്പെടാൻ തുടങ്ങിയ കാലം മുതൽ തന്നെ ആരംഭിച്ചിരിക്കണം.

പുരാതന ഇന്ത്യ, ചൈന, ഗ്രീസ്, റോം എന്നിവിടങ്ങളിൽ ഭാഷാപഠത്തിന് സവിശേഷമായ പ്രാധാന്യം ലഭിച്ചിരുന്നു. മധ്യകാല അറബികൾ, ജൂതന്മാർ എന്നിവർക്കിടയിലും അതുപോലെ മറ്റ ചില സമൂഹങ്ങളിലും ഭാഷാപഠന കാര്യത്തിൽ താല്പര്യം കണ്ടിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ മാത്രമാണ് യൂറോപ്പിൽ ഭാഷാപഠന വിഷയത്തിൽ മൗലികമായ ചില അന്വേഷണങ്ങൾ ആരംഭിക്കുന്നത്. എന്നാൽ ഊഹാധിഷ്ഠിതമായ ഈ പഠനങ്ങളൊന്നും ഭാഷാരംഗത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവിലാണ് ചരിത്രപരമായ ഭാഷാശാസ്ത്രത്തിന് (historical linguistics) പ്രാരംഭം കുറിക്കപ്പെട്ടത്. പത്തൊൻപതാം നൂറ്റാണ്ടിലുടനീളം ഈ പദ്ധതി ഭാഷാപഠനരംഗത്തെ ഊർജ്ജസ്വല മാക്കിത്തീർത്തു. ഭാഷയുടെ ചരിത്രപരവും താരതമ്യപരവുമായ പഠനത്തിനു ലഭിച്ച അംഗീകാരം വലുതായിരുന്നു. വിവിധ ഭാഷാഗോത്രങ്ങളെ സംബന്ധിച്ച

നൂതന സങ്കല്പങ്ങൾ അവതരിപ്പിക്കപ്പെട്ടത് ഇക്കാലത്താണ്. ഭാഷയുടെ ചരിത്രപരവും താരതമ്യപരവുമായ പഠനത്തിനു നൽകിയ ഊന്നൽ കൊണ്ടും പദങ്ങളുടെ നിരുക്തിയിലൂന്നിയുള്ള അന്വേഷണങ്ങൾ കൊണ്ടും ഭാഷാപഠനത്തിന് ശാസ്ത്രീയാന്വേഷണത്തിന്റെ പദവിലഭിച്ചു. പൊതുവിൽ ഭാഷാവിജ്ഞാനീയം (philology) എന്ന പേരിൽ ഭാഷാപഠനം സർവകലാശാലകളിൽ ആദരിക്കപ്പെട്ടു. എങ്കിലും ആദ്യകാലത്തെ ഈ രീതിശാസ്ത്രം ക്രമേണ മാറി. ഭാഷയെ അതിനുള്ളിൽ നിന്നുകൊണ്ടു തന്നെ പഠിക്കുന്ന വിവരണാത്മക പഠനങ്ങൾക്കുള്ള ശ്രമങ്ങളും, ചരിത്രപരമായ അന്വേഷരീതി അവസാനിപ്പിച്ച് ഭാഷയുടെ ഘടനയെപ്പറ്റിയും മറ്റും അന്വേഷിക്കുന്നതിനുള്ള ഗൗരവമേറിയ പ്രയത്നങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലുണ്ടായി. ബോദിൻ ദെ കോർത്തെ (Baudouin de courte-nay) മുതലായ പുതിയ പണ്ഡിത വ്യക്തിത്വങ്ങൾ കടന്നുവന്ന കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയനായിത്തീർന്നത് ഫെർഡിനാൻഡ് ഡി സൊസ്യൂർ ആയിരുന്നു. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടാവുന്നവിധത്തിൽ യൂറോപ്യൻ ഭാഷാപഠന രംഗത്ത് അദ്ദേഹം സ്വാധീനം ചെലുത്തി. അതേ സമയം തന്നെ സൊസ്സൂറിയൻ പാരമ്പര്യത്തിന്റെ ഭാഗമാകാതെ തന്നെ ജെ. ആർ. ഫിർത്തിനെപ്പോലുള്ള (J.R. Firth) നരവംശപഠിതാക്കൾ വിവരണാത്മമായി ഭാഷയെ പഠിക്കാനുള്ള നീക്കം നടത്തിയിരുന്നു. അമേരിക്കൻ ഐക്യനാടുകളിൽ മരിച്ചു കൊണ്ടിരിക്കുന്ന നാട്ടുഭാഷകളെപ്പറ്റി പഠനം നടത്തിയഫ്രാൻസ് ബോസ്(Fraz Boas) ആണ് അമേരിക്കൻ ഭാഷാശാസ്ത്ര പാരമ്പര്യത്തിന്റെ സ്ഥാപകൻ എന്ന് അറിയപ്പെടുന്നത്. ഇദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന എഡ്വേർഡ് സപീർ മുതലായവർ ഭാഷാശാസ്ത്രത്തിന്റെ അമേരിക്കൻ പാരമ്പര്യത്തിന് സ്വതന്ത്രമായ ഒരു ചിട്ട ഉണ്ടാക്കിയെടുത്തു. എന്നാൽ അമേരിക്കൻ ഭാഷാശാസ്ത്രത്തിന്റെ ഏറ്റവും വലിയ സംഭാവന ലിയനാർഡ് ബ്ലൂംഫീൽഡ് (Leonard Bloomfield) ആയിരുന്നു. അദ്ദേഹത്തിന്റെ ലാംഗ്വേജ് (1933)എന്ന ഗ്രന്ഥം അമേരിക്കൻ ഭാഷാശാസ്ത്രത്തിന്റെ പുതിയ പദ്ധതി തന്നെയായി മാറി. ദത്തങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള വിവരണാത്മക വ്യാകരണ പദ്ധതിയുടെ കൃത്യമായ നിർവ്വചനം സൃഷ്ടിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ഇക്കാലത്ത് ഭാഷാപഠനം ഒരു ശാസ്ത്രശാഖയായി മാറുകയായിരുന്നു. അമേരിക്കയിലെ സിദ്ധാന്ത വിരുദ്ധ നിലപാടുകളുള്ള ഭാഷാപഠനത്തിന്റെ പാരമ്പര്യത്തിനു വിരുദ്ധമായി യൂറോപ്പിൽ ഭാഷാപഠനം സൈദ്ധാന്തികമായിട്ടാണ് വികാസം പ്രാപിച്ചത്.

കസേരയിലിരുന്നുള്ള ഭാഷാപഠനമെന്ന് ഈ സമീപനം അമേരിക്കൻ പണ്ഡിതന്മാരാൽ പരിഹസിക്കപ്പെട്ടിരുന്നു. ഈ ഘട്ടത്തിലാണ് 1957–ൽ ലോക ഭാഷാ പഠനത്തിന്റെ ദിശതന്നെ മാറ്റിക്കളഞ്ഞ നോം ചോംസ്കി (Noam Chom-sky) യുടെ പഠനങ്ങളും സിദ്ധാന്തങ്ങളും പുറത്ത് വന്നത്. അതിനു ശേഷം ഇങ്ങോട്ടുള്ള ശാസ്ത്രീയ ഭാഷാപഠനത്തിന്റെ ചരിത്രം ചോംസ്കിയെ ചുറ്റിപ്പറ്റിയായിരുന്നു. ചോംസ്കിയൻ നിലപാടുകളും അവക്കെതിരായ വിമർശനങ്ങളും കൊണ്ട് മുഖരിതമായിരുന്നു അതിനു ശേഷമുള്ള അരനൂറ്റാണ്ടിലധികം കാലത്തെ ഭാഷാശാസ്ത്രലോകം. പ്രജനക വ്യാകരണം, സാർവലൗകിക ഭാഷാവ്യാകരണം മുതലായ ചോംസ്കിയൻ ആശയങ്ങൾ ഭാഷാശാസ്ത്രരംഗത്ത് ഇന്നും സജീവമാണ്. ചോംസ്കിയൻ ആശയങ്ങൾ തികച്ചും നൂതനമായ ഒരു വിജ്ഞാനശാഖയ്ക്ക് രൂപം കൊടുത്തു. വൈജ്ഞാനികശാസ്ത്രം അഥവാ കോഗ്നിറ്റീവ് സയൻസ്. അതേസമയം, തികച്ചും വ്യത്യസ്തമായ ഭാഷാപഠന രീതികളുമായി ഭാഷാശാസ്ത്രം വവിധ ശാഖകളായി പിരിയുകയും ചെയ്തു. ഭാഷാഭേദവിജ്ഞാനീയം ആണ് ഈ മേഖലയിലെ ഒരു സുപ്രധാന ശാഖ. മറ്റൊന്ന് സാമൂഹികഭാഷാശാസ്ത്രം എന്ന ശാഖയാണ്. സൈക്കോ ലിംഗ്വിസ്റ്റിക്സ് മുതലായ മറ്റു ശാഖകളും വികസിച്ചുവന്നിട്ടുണ്ട്. ഭാഷയിലെ ലിംഗവിവേചനം, കീഴാളവത്കരണ സ്വഭാവം, വംശീയത എന്നിങ്ങനെ നിരവധി പുതുപ്രശ്നങ്ങളും ഭാഷാപഠനരംഗത്ത് അഭിമുഖീകരിക്കപ്പെടുന്നുണ്ട്. ഭാഷാദർശനരംഗത്ത് ഫ്രഞ്ച് തത്ത്വചിന്തകനായ ഴാക് ദെറീദ അവതരിപ്പിച്ച അപനിർമ്മാണതത്വങ്ങൾ ഭാഷയെസംബന്ധിച്ച് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സാമാന്യധാരണകളെ അട്ടിമറിക്കുന്നതിന് കാരണമായി.

**2 –2 അറബിഭാഷ**

അറബി ( العربية) അറേബ്യൻ ഭൂപ്രദേശത്ത് സംസാരിക്കുന്നതും സെമിറ്റിക് ഭാഷാ കുടുംബത്തിൽപെടുന്നതുമായ ഒരു ഭാഷയാണ്. ഹീബ്രു , അറാമിക് ഭാഷകളും ഇതേ കുടുംബത്തിൽപെട്ടതാണ്. സെമിറ്റിക് ഭാഷകളിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഭാഷ അറബി മാത്രമാണ്. ജനസംഖ്യയനുസരിച്ച് ലോകത്തെ നാലാമത്തെ വിനിമയഭാഷയാണിത്. ലോകത്ത് 25 കോടിയോളം ജനങ്ങൾ അവരുടെ മാതൃഭാഷയായി അറബി ഉപയോഗിക്കുന്നു. അനേകം പേർ തങ്ങളുടെ പ്രഥമഭാഷ അല്ലെങ്കിൽ കൂടി അറബി സംസാരിക്കുന്നുണ്ട്. അറബ് ലോകത്ത് ധാരാളം ഉപഭാഷകളും നിലവിലുണ്ട്.

ലോകത്ത് മില്യൺ കണക്കിന് ജനങ്ങളുടെ സംസാര ഭാഷയും 24 രാഷ്ട്രങ്ങളുടെ മാതൃഭാഷയുമായ അറബിയുടെ സമകാലിക പ്രാധന്യം കണക്കിലെടുത്താണ് 1973 ഡിസംബര് 18 ന് അറബിയെ ഐക്യരാഷ്ട്ര സഭ ഔദ്യോഗിക ഭാഷയായി പരിഗണിച്ചത്. ഈ ദിവസം യു.എൻ പബ്ളിക് ഇൻഫർമേഷൻ വിഭാഗത്തന്റെ തീരുമാന പ്രകാരം അന്താരാഷ്ട്ര അറബിക് ഭാഷാ ദിനമായി ആചരിച്ച വരികയാണ്. ആയിരക്കണക്കിന് ഭാഷകളുടെ വ്യവഹാര മണ്ഡലമായ ഭൂമിയിൽ അറബി ഭാഷയെ മറ്റു ഭാഷകളിൽ നിന്നും വേർതിരിക്കുന്ന ഘടകങ്ങൾ അനവധിയാണ്. പ്രവാചകനായ മുഹമ്മദ് നബി (സ) ഇസ്‌ലാമിക പ്രചരണവുമായി മക്കയിൽ അവതരിക്കുന്നതിന്റെയും നൂറ്റാണ്ടുകൾക്ക് മുമ്പാണ് അറബി ഭാഷ ഉദയം ചെയ്തത്. പ്രവാചകൻ നൂഹ് (അ) ന്റെ കാലത്തുണ്ടായ പ്രളയാനന്തരം രക്ഷപ്പെട്ട നൂഹ് പ്രവാചകന്റെ പുത്രൻ സാം ന്റെ പരമ്പരയിൽ പെട്ടവർ സംസാരിച്ചിരുന്ന സെമിറ്റിക് ഭാഷയിലാണ് അറബിയുടെ വേര് ചെന്നെത്തുന്നത്. സെമിറ്റിക് ഭാഷയിൽ ഹീബ്രു, ഗ്രീക്ക് തുടങ്ങിയ ഭാഷാ ഭേദങ്ങൾ കാണാമെങ്കിലും ഇവയൊന്നും കൈവരിക്കാത്ത അത്ഭുതകരമായ വളർച്ചയാണ് അറബി ഭാഷക്കുണ്ടായത്. വ്യക്തമായി ലിഖിതപ്പെടുത്താനും ആഖ്യാനം ചെയ്യാനും കഴിയാവുന്നത് എന്ന അർഥമാണ് അറബി എന്ന പദത്തിനുള്ളത്. പ്രളയാനന്തര ലോകം മനുഷ്യ നാഗരികതയുടെ ആരംഭമാണെന്ന പോലെ അറബ് ഭാഷ മനുഷ്യ നവോത്ഥാനത്തിന്റെ ചാലക ശക്തിയായി കണക്കാക്കപ്പെടുന്നു. അറബി ഭാഷയുടെ ചരിത്ര പരമായ പരിണാമങ്ങളിലൂടെ കടന്നു പോകുമ്പോൾ ജാഹിലിയ്യ കാലഘട്ടം (Dark age) അറബി ഭാഷയുടെ കളിത്തൊട്ടിലാണെന്ന് കാണാൻ കഴിയും. ഗദ്യ-പദ്യ സാഹിത്യ ശേഖരങ്ങളുടെ അത്യപൂർവ കലവറ തന്നെയായിരുന്നു ഈ കാലഘട്ടമെന്ന് നാം തിരിച്ചറിയുന്നു. സാഹചര്യങ്ങളുടെ താൽകാലിക ആശയ വിനിമയ ഉപാധിയായോ ആകസ്മികമായ ആവിർഭാവമായോ അറബിയെ സംബന്ധിച്ചെടുത്തോളം അതിന്റെ ഉത്ഭവ പാശ്ചാത്തലത്തെ കാണാനാവില്ല. ഈ ഭാഷക്ക് ശക്തമായ വേരുകളും ബലിഷ്ഠമായ ഘടനാ ചട്ടക്കൂടും ചരിത്ര പാരമ്പര്യവും അവകാശപ്പെടാനുണ്ട്. വാക്കുകൾ ഘനമുള്ളതും പ്രയോഗങ്ങൾ സുഗ്രാഹ്യവും ശൈലികൾ അത്യാകർഷണീയവുമാണ്. അറബി ലിപികളിലെ സാരള്യവും ഉച്ചാരണത്തിലെ ലാളിത്യവും അറബിയെ കൂടുതൽ ജനസമ്പർക്കമുള്ള താക്കുന്നു. കേവലം ശബ്ദങ്ങളിൽ പോലും വലിയ ആശയ പ്രപഞ്ചങ്ങൾ ഉൾക്കൊ

ളിക്കാനുള്ള ഈ ഭാഷയുടെ സവിശേഷത അപാരമാണ്. അറബി ഭാഷയുടെ മഹത്വവും പ്രസിദ്ധിയും വാനോളം ഉയരുന്നത് അത് ഉൾക്കൊള്ളുന്ന മഹത്തായ സംസ്കാരിക ബോധത്തെ കൂടി കണക്കിലെടുക്കുമ്പോഴാണ്. വിശുദ്ധ ഖുർആൻ, ഹദീസുകൾ, കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ, തഫ്സീറുകൾ, തസ്വവ്വുഫ് ഗ്രന്ഥങ്ങൾ തുടങ്ങിയവ ഒന്നടങ്കം ഈ ഭാഷയുടെ ഗഹനതക്കും വിജ്ഞാന വൈപുല്യത്തിനും ഹേതുവാകുകയായിരുന്നു. അബ്ബാസീ കാലഘട്ടം അറബി ഭാഷയുടെ സുവർണ കാലഘട്ടമായിരുന്നു. സാഹിത്യ രംഗം തന്നെ ശാഖോപശാഖകളിലായി തിരിഞ്ഞതും, ശാസ്ത്ര സാങ്കേതിക ആധ്യാത്മിക രംഗങ്ങളിലെ അവലംബ കൃതികളും അറബി ഭാഷയിൽ വിരചിതമായതും പുരാതന നാഗരികതകളായ ഗ്രീസ്, സുമേറിയ, ബാബിലോൺ തുടങ്ങിയ ജനസമൂഹങ്ങളിൽ നിന്നും തത്വചിന്ത, തർക്കശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലുള്ള അനേകം ഗ്രന്ഥങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടതും ഈ കാലത്താണ്. ഇത് അറബി ഭാഷയുടെ വളർച്ചക്കും വികാസത്തിനും ആക്കം കൂട്ടിയെന്നത് പ്രത്യേകം സ്മരണീയമാണ്. ഇന്ന് ശാസ്ത്ര ലോകം അവലംബമായി കാണുന്ന മിക്ക ഗ്രന്ഥങ്ങളും അറബി ഭാഷയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് വസ്തുത. യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ വൈദ്യ ശാസ്ത്രത്തിന്റെ മൂല ഗ്രന്ഥമായി കണക്കാക്കുന്നത് അറബിയിൽ വിരചിതമായ അൽ ഖാനൂനു ഫി ത്വിബ്ബി എന്ന ഇബ്നു സീനയുടെ വൈദ്യ ശാസ്ത്ര ഗ്രന്ഥമാണ്. ആൽജിബ്ര കണ്ടുപിടിച്ച ഖവാരിസ്മി, അരിസ്റ്റോട്ടിലിന്റെ ദാർശനിക ചിന്തകളെ സുഗ്രാഹ്യമാക്കി അറബിയിൽ ഗ്രന്ഥ രചന നടത്തിയ ഇബ്നു റുഷ്ദും നാൽപത് വർഷം ഇന്ത്യൻ ജനതയോടൊപ്പം കഴിച്ചു കൂട്ടി ആർഷ ഭാരത ദർശനങ്ങളെ പഠിക്കുകയും വ്യത്യസ്തങ്ങളായ വൈജ്ഞാനിക മേഖലകളിൽ അവഗാഹം നേടി നൂറിലധികം ഗ്രന്ഥങ്ങൾ അറബി ഭാഷയിൽ രചിച്ച അൽ-ബിറൂനിയുമെല്ലാം അറബ് ഭാഷയുടെ വൈജ്ഞാനിക സാധ്യതകളെ പിൽക്കാലത്ത് പ്രദീപ്തമാക്കിയവരാണ്. മറ്റേതൊരു ഭാഷയെക്കാളും വിജ്ഞാനത്തിന്റെ കലവറകളെ ഒളിപ്പിച്ചു വെച്ച ഈ ഭാഷ അനുദിനം വളർന്നു പന്തലിച്ചു കൊണ്ടിരിക്കുകയാണ്. അടിത്തറകളിൽ വിള്ളലുകളുണ്ടാക്കി ഭാഷകൾ പരിഷ്കരിക്കപ്പെടുകയും പരിണാമങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്യുന്ന ഈ കാലത്തും പൈതൃകങ്ങളുടെയും പാരമ്പര്യത്തന്റെയും ബലിഷ്ഠമായ ഉരുക്കു തറകളിൽ അറബി വികസിച്ചു കൊണ്ടേയിരിക്കുകയാണ്. ഷേക്സ്പിയറിയൻ സാഹിത്യങ്ങളും ലാറ്റിൻ പഴഞ്ചൊല്ലുകളും പുരാണ മലയാളവും

വായനക്കാരനിൽ അന്യതാ ബോധവും കൗതുകവും അമ്പരപ്പും പടർത്തുമ്പോൾ ആയിരം വർഷങ്ങൾക്കപ്പുറത്തുള്ള അറബ് ഭാഷാ കൃതികളെ നാമിന്നും അനായാസേന വായിച്ചെടുക്കുന്നു. അറബി ഭാഷ കേവലമായ വാർത്താ വിനിമയോപാധി എന്നതിനേക്കാളുപരി അതുൾക്കൊള്ളുന്ന വിശ്വ മഹാ സംസ്കാരത്തിന്റെ പരിച്ഛേദം കൂടിയാണ്. അറബി ഭാഷ ഒരേ സമയം സംസ്കാരവും ജീവിത ചിന്തയുമാണ്.

ലോക ഭാഷകളിൽ പലതുകൊണ്ടും സവിശേഷമാണ് അറബി ഭാഷ. മതപരവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ നിരവധി മാനങ്ങളുള്ള അറബി ഭാഷയുടെ പ്രാധാന്യവും പ്രസക്തിയും നാൾക്കുനാൾ വർധിക്കുകയാണ്. ലളിതമായും ഒഴുക്കോടെയും അനായാസം സംസാരിക്കുവാൻ കഴിയുന്നത് എന്നാണ് അറബി എന്ന പദത്തിന്റെ അർഥം. കുറഞ്ഞ വാക്കുകൾകൊണ്ട് വിശാലമായ അർഥ വ്യാപ്തി പ്രതിഫലിപ്പിക്കുവാൻ കഴിയുന്ന സജീവമായ ഭാഷകളിലൊന്നാണ് അറബി. ഭാഷാപഠനം മനസ്സിനെ നിർമലമാക്കുകയും ചിന്തയുടെ ചക്രവാളങ്ങൾ വികസിപ്പിക്കുകയും ഭാവനകൾക്ക് ചിറക് വിരിക്കുകയും ചെയ്യുമെന്നാണ് ഗവേഷകർ പറയുന്നത്. അറബി ഭാഷയെ സംബന്ധിച്ചിടത്തോളം ഇത് തീർത്തും വാസ്തവമാണ്. സുതാര്യമായ അറബി സംസ്കാരത്തിന്റേയും ധന്യമായ അറബി പാരമ്പര്യത്തിന്റേയും വിശാലമായ ലോകത്തേക്കുള്ള കവാടം തുറക്കുന്നതോടൊപ്പം ലോകത്തെ ഒരു വലിയ വിഭാഗം ജനങ്ങളുമായും ആശയവിനിമയം നടത്തുന്നതിനും സൗഹൃദം സ്ഥാപിക്കുന്നതിനും അറബി ഭാഷ സഹായിക്കുന്നു. ലോക ഭാഷകളിൽ വളരെ ലളിതമായ ഭാഷകളിലൊന്നാണ് അറബി. ജാതി മത ഭേദമന്യേ ആർക്കും വേഗത്തിൽ മനസിലാക്കുവാനും പഠിച്ചെടുക്കുവാനും കഴിയുന്ന ഭാഷയാണത്. ഇരുപത്തഞ്ചോളം രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയായ അറബി ചില രാജ്യങ്ങളുടെ ദേശീയ ഭാഷയുമാണ്. ലോകത്ത് ഏറ്റവും സ്വാധീനമുള്ള പത്തു ഭാഷകളിൽ മുൻപന്തിയിലുള്ള അറബി ഭാഷ ഐക്യരാഷ്ട്രസഭ അംഗീകരിച്ച ആറ് ഔദ്യോഗിക ഭാഷകളിൽപെട്ടതാണ്. പാശ്ചാത്യ ലോകത്തും പൗരസ്ത്യ ദിക്കുകളിലും അറബി ഭാഷ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള തീവ്രമായ പരിശ്രമങ്ങളാണ് നടക്കുന്നത്. മതപരമായും സാമ്പത്തികമായും നയതന്ത്രതലങ്ങളിലുമൊക്കെയുള്ള താത്പര്യങ്ങൾ ഇത്തരം ശ്രമങ്ങൾക്ക് കരുത്തേകുന്നതായാണ് പഠനങ്ങൾ നൽകുന്ന സൂചന. അറബി ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് മലയാളി ഗവേഷകൻ ഡോ. പി സഊദ് മരക്കാർ

എഴുതുന്നു: "ലോക ഭാഷകളിൽ പലതുകൊണ്ടും വ്യതിരിക്തത പുലർത്തുന്ന അറബി ഭാഷയുടെ സവിശേഷതകൾ നിരവധിയാണ്. നാലായിരത്തിൽ പരം വർഷങ്ങൾ പഴക്കമുണ്ടായിട്ടും നൂറ്റി അമ്പതോളം തലമുറകളായി ലക്ഷോപലക്ഷം ജനവിഭാഗങ്ങൾ കൈകാര്യം ചെയ്തിട്ടും ശുദ്ധിക്കോ തനിമക്കോ മൗലികതക്കോ ലവലേശം പോറലേൽക്കാത്ത ഏക ഭാഷ, എട്ട്, ഒൻപത്, പത്ത് , പതിനൊന്ന് നൂറ്റാണ്ടുകളിൽ ഭൂമുഖത്ത് അറിയപ്പെട്ടിരുന്ന ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക ഗ്രന്ഥങ്ങളെല്ലാം അതേ കാലഘട്ടത്തിൽ തന്നെ ലോകത്തിന് ലഭ്യമാക്കിയ ഏക ഭാഷ, ഗ്രീക്ക് ഭാഷയിലും സംസ്കൃതത്തിലുമുള്ള പ്രാചീന ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്ത് ആധുനിക ലോകത്തിന് സമ്മാനിച്ച പ്രായം കുറഞ്ഞ സെമിറ്റിക് ഭാഷ, ഫിലിപ് ഹിറ്റിയുടെ വീക്ഷണത്തിൽ എട്ടാം നൂറ്റാണ്ടിന്റേയും പതിമൂന്നാം നൂറ്റാണ്ടിന്റേയുമിടയിൽ ലോക സംസ്കാരത്തിന്റേയും നാഗരികതയുടേയും വാഹകരായിരുന്ന അറബികളുടെ മാതൃഭാഷ, വാസ്കോഡി ഗാമയും കൊളമ്പസും ലോകസഞ്ചാരത്തിനുപയോഗിച്ച ഭൂപടത്തിന്റെ ഭാഷ, സൈഫറിന്റേയും ആൾജിബ്രയുടേയും മാത്രമല്ല ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന അരിത്മെറ്റിക്സിന്റേയും അടിസ്ഥാന ഭാഷ, സമഗ്രവും അന്താരാഷ്ട്രീയവുമായ ഒരു സംസ്കാരത്തിന് അടിത്തറ പാകി മനുഷ്യകോടികളെ ഒരു ഏകീകൃത ചിന്താധാരയിൽ പിടിച്ചുനിർത്തുവാൻ കഴിഞ്ഞ ഏക ഭാഷ, ഇന്നു പ്രചാരത്തിലുള്ള ഭാഷകളിൽ ഭൂമി ശാസ്ത്രത്തിന്റെ അതിർവരമ്പുകളെ വകവെക്കാതെ ജനകോടികളുടെ ഹൃദയങ്ങളിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയ ഭാഷ, ഒരു അന്ധനായ മനുഷ്യന് പോലും ഇതരൻ സംസാരിക്കുന്നത് സ്ത്രീയോടോ പുരുഷനോടോ എന്ന് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയുന്ന ഭാഷ.

ഗൾഫ് തൊഴിൽ മേഖലയുടെ പ്രാധാന്യം വർധിച്ചതാണ് അറബി ഭാഷയുടെ സ്വീകാര്യത പൊതുജനങ്ങളുടെയിടയിൽ വർധിക്കുവാനുള്ള മുഖ്യ കാരണമെന്നാണ് ചില ഗവേഷകരെങ്കിലും കരുതുന്നത്. പാശ്ചാത്യലോകത്തും മൂന്നാം ലോക രാജ്യങ്ങളിലും അറബി പഠിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന ഗണ്യമായ വർധന ഈ നിലപാടുകളെ ഒരു പരിധിവരെ ശരിവെക്കുന്നതാണ്. ഗൾഫ് നാട്ടുകളിലേക്ക് തൊഴിൽ തേടിയുള്ള മലയാളികളുടെ യാത്രക്ക് അരനൂറ്റാണ്ടിന്റെ പഴക്കമേയുള്ളൂ. എന്നാൽ അറബി നാട്ടുകളുമായി കേരളത്തിന് പതിനാല് നൂറ്റാണ്ടിലേറെ പഴക്കമുണ്ടെന്നാണ് ചരിത്ര രേഖകൾ പറയുന്നത്. ഈ ബന്ധം അറബി ഭാഷയുമായും സംസ്കാരവുമായും

അടുത്തിടപഴകുവാനും പരിചയിക്കുവാനും മലയാളികൾക്ക് സൗകര്യമൊരുക്കുകയായിരുന്നു. നൂറ് കണക്കിന് അറബി പദങ്ങൾ മലയാളത്തിൽ പ്രചാരം നേടിയതും ഉപയോഗിച്ചുവരുന്നതും ഈ ബന്ധത്തിന്റെ സ്വാധീനഫലമാണ്. അറബി ഭാഷയുമായും സംസ്കാരവുമായും നേരിട്ടോ അല്ലാതെയോ ബന്ധപ്പെടാൻ ഭാഗ്യം ലഭിച്ച മലയാളിസമൂഹത്തിന്റെ സുപ്രധാനമായ തൊഴിൽ മേഖലയായി ഗൾഫ് മാറിയതോടെയാണ് കേരളീയ ജീവിതത്തിന്റെ രൂപഭാവങ്ങൾ മാറിയത്. ഗൾഫ് മേഖലയിൽ ലക്ഷക്കണക്കിന് മലയാളികളാണ് വിവിധ രംഗങ്ങളിലായി പ്രവർത്തിക്കുന്നത്.

ഗൾഫ് നാടുകളിലെ സ്വദേശിവൽക്കരണം മിക്കവാറും എല്ലാ രാജ്യങ്ങളും ഊർജിതമായി നടപ്പാക്കി വരുന്നു. അറബി ഭാഷ അറിയുന്നവരേയും മനസിലാകുന്നവരേയും നിയമിക്കുവാനും നിലനിർത്തുവാനുമാണ് മിക്ക കമ്പനികളും താത്പര്യം കാണിക്കുന്നത്. മലയാളികളുടെ സുപ്രധാനമായ തൊഴിൽ മേഖല എന്ന നിലക്ക് ഗൾഫിന്റെ പ്രാധാന്യം നിലനിൽക്കുന്നേടത്തോളം ഭാഷാ പരിജ്ഞാനം നേടാനുള്ള ശ്രമങ്ങളും സംരംഭങ്ങളും കൂടുതൽ ഊർജിതമാകുമെന്ന് വേണം കരുതാൻ.

## 2–3 കേരളത്തിലെ അറബി ഭാഷാ വളർച്ചയും വികാസവും

അറബികളും കേരളവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കച്ചവടത്തിനായി പുരാതന കാലം മുതൽ അറബികൾ കേരളത്തിലെത്തിയിരുന്നു. കച്ചവടത്തോടൊപ്പം ഭാഷാവിനിമയവും സാംസ്കാരിക കൈമാറ്റവും നടന്നുവെന്ന് ചരിത്രം പറയുന്നു. അറബിയെ മലയാളവുമായി ചേർത്ത് അറബിമലയാളം എന്ന എഴുത്ത് ഭാഷയും രൂപംകൊണ്ടു. ഇതുപോലെ അറബിത്തമിഴും മറ്റും രൂപം പ്രാപിച്ചിട്ടുണ്ട്. അറബി ഭാഷാ സാന്നിധ്യം ആദ്യമായി കണ്ടെത്തിയത് ഒമ്പതാം നൂറ്റാണ്ടിലെ തരിസാ പള്ളി ശാസനങ്ങളിലാണ്. ചേര രാജാവായ സ്ഥാണുരവി കുലശേഖരന്റെ കാലത്ത് (ക്രിസ്തു വർഷം 849 ) കൊല്ലത്ത് നിർമ്മിച്ച തരിസാ പള്ളിക്ക് നൽകിയ പ്രദേശത്തിന്റെ ചെമ്പ് പട്ടയങ്ങളാണ് പ്രസ്തുത ശാസനം. അതിൽ സാക്ഷികളായി അന്നത്തെ കൊല്ലം തീരത്തെ അറബി വ്യാപാരികളും കൂഫീ ലിപിയിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്നതായി കാണാം. കേരളത്തിലെ അറബി ഭാഷാ സാന്നിധ്യം തെളിയിക്കുന്ന പ്രഥമ ചരിത്രരേഖ ഇതാണ്.

പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച പ്രസിദ്ധ സഞ്ചാരി ഇബ്നു ബത്തൂത്ത മലബാറിൽ നിലനിന്നിരുന്ന അറബി സാന്നിധ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട് അറബി ഭാഷയ്ക്ക് നിരവധി സംഭാവനകൾ നൽകിയ പല മഹാന്മാർ കേരളത്തിലുണ്ടായിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം, ഖാളി മുഹമ്മദ്, അഹ്മദ്

കോയ ശാലിയാത്തി, വെളിയംകോട് ഉമർഖാളി തുടങ്ങിയവർ അവരിൽ ചിലരാണ്. കേരളത്തിൽ നിന്നും ആദ്യമായി രചിക്കപ്പെട്ട അറബി ഗ്രന്ഥം എ.ഡി 1342 ൽ ഫഖീഹ് ഹുസൈനിന്റെ ഖൈദുൽ ജാമിഅ് ആണ്. പൊന്നാനിയിലെ മഖ്ദൂമുമാർ കേരളത്തിലെ അറബി പ്രചരണത്തിന് പിന്നിൽ പൊന്നാനി മഖ്ദൂമുമാർക്ക് വലിയ പങ്കുണ്ട്. ശൈഖ് സൈനുദ്ദീൻ ബിൻ അലിയാണ് പൊന്നാനിയിലെ മതപഠനസ്ഥാപകൻ. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള പഠിതാക്കൾ ഇവിടെ പഠനം നടത്തിയിരുന്നു.

പോർച്ചുഗീസ് അധിനിവേശത്തിനെതിരെ പോരാടാൻ ആഹ്വാനം ചെയ്തുകൊണ്ട് ശൈഖ് സൈനുദ്ദീൻ ഒന്നാമൻ രചിച്ച 'തഹ്‌രീള അഹ്‌ലിൽ ഈമാൻ അലാ ഹാദി അബദത്തി സ്സുൽബാൻ'. സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ പൗത്രനായ ശൈഖ് സൈനുദ്ദീൻ രണ്ടാമനാണ് കേരളീയ പണ്ഡിതന്മാരിൽ ലോകപ്രശസ്തനായ അറബി ഭാഷാ പണ്ഡിതൻ. ഒരു കേരളീയൻ രചിച്ച പ്രഥമ കേരള ചരിത്രം ഇദ്ദേഹത്തിന്റെ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തിൽ കേരളത്തിലെ ഇസ്‌ലാമിന്റെ ആവിർഭാവം, പോർച്ചുഗീസ് ആഗമനം, ഹൈന്ദവരുടെ ആചാരങ്ങൾ, യുദ്ധാഹ്വാനം തുടങ്ങിയ വിഷയങ്ങളാണ് പറയുന്നത്. ഇംഗ്ലീഷ് ഓറിയന്റലിസ്റ്റ് റോളണ്ട്സൺ 1832 ൽ ഇത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. പിന്നീട് മദ്രാസ് സർവ്വകലാശാല യിലെ ഹുസൈൻ നൈനാറും ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറക്കുകയുണ്ടായി. വിവിധ ഭാരതീയ, യൂറോപ്യൻ ഭാഷകളിലായി ധാരാളം പരിഭാഷകൾ പുറത്തിറങ്ങിയത് ഈ ഗ്രന്ഥത്തിന്റേയും അറബിഭാഷയുടേയും പ്രാധാന്യത്തെ കുറിക്കുന്നു. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ കർമ്മശാസ്ത്ര ഗ്രന്ഥമായ 'ഫത്ഹുൽ മുഈൻ' ഇദ്ദേഹത്തിന്റെ എടുത്തുപറയാവുന്ന മറ്റൊരു രചനയാണ്. രണ്ട് അറബി പണ്ഡിതന്മാർ ഈ ഗ്രന്ഥത്തിന് വിശദീകരണം എഴുതിയിട്ടുണ്ട്. ഇസ്‌ലാമിക കർമശാസ്ത്ര ഗ്രന്ഥമായ ഫത്ഹുൽ മുഈൻ ഈജിപ്റ്റിലെ അൽ അസ്ഹർ സർവകലാശാലയിൽ പോലും പാഠ്യവിഷയമാണ്.

1887 ൽ മുസ്‌ലിം പ്രശ്നങ്ങൾ പഠിക്കുവാൻ ഗവർണർ ജനറൽ ആയിരുന്ന ലോർഡ് ഡുഫറിൻ ഒരു കമ്മീഷനെ നിശ്ചയിച്ചു. വിദ്യാഭ്യാസരംഗത്തേക്ക് മുസ്‌ലിംകളെ ആകർഷിക്കണമെങ്കിൽ അവരുടെ ജീവൽ ഭാഷയായ അറബി ഭാഷക്ക് അർഹമായ പ്രാധാന്യം നൽകണമെന്ന് സർ സയ്യിദ് അഹ്മദ് ഖാൻ അംഗമായിരുന്ന കമ്മീഷൻ വിലയിരുത്തി. അറബി ഭാഷ പഠിപ്പിക്കുന്നതിനായി പ്രത്യേകം ഓറിയന്റൽ സ്കൂളുകൾ സ്ഥാപിക്കാൻ അവർ നിർബന്ധിതരായി. കൊൽക്കത്തയിലാണ് അവർ ആദ്യമായി ഓറിയന്റൽ സ്കൂൾ സ്ഥാപിച്ചത്. സർക്കാർ സംവിധാനങ്ങളെ ഉപയോഗപ്പെടുത്താൻ മുസ്‌ലിം സമുദായത്തിൽ നിന്നും അധികം ആളുകളൊന്നും തയ്യാറായിരുന്നില്ല. ബ്രിട്ടീഷ് വ്യവസ്ഥിതിയോടുള്ള എതിർപ്പുകൾ അവർ തുടർന്നു. ഇന്നത്തെ കേരളം, അന്ന് തിരുവിതാംകൂർ,

കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നു. തിരുവിതാംകൂർ അന്ന് നാട്ടുരാജ്യമായിരുന്നു. ശ്രീമൂലം തിരുനാളായിരുന്നു 1885 മുതൽ 1924 വരെ അവിടുത്തെ രാജാവ്. വക്കം അബ്ദുൽഖാദിർ മൗലവി തന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ കൊണ്ട് നിറഞ്ഞു നിന്നിരുന്ന കാലമായിരുന്നു അത്.

1911 ൽ ആലപ്പുഴയിലെ ലജ്നത്തുൽ മുഹമ്മദിയ്യ ലൈബ്രേറിയിൽ വെച്ച് വക്കം മൗലവിയുടെ നേതൃത്വത്തിൽ മുസ്‌ലിം നേതാക്കളുടെ ഒരു സമ്മേളനം നടന്നു. മുസ്‌ലിം വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്ത സമ്മേളനം തിരുവിതാംകൂർ രാജാവിനെ നേരിൽ കണ്ടു നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചു. മുസ്‌ലിംകളെ പൊതുവിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കണമെങ്കിൽ അറബി ഭാഷ വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടു. ഡോ: ബിഷപ്പിനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് രാജകൽപന വന്നു. 1913 ൽ ബിഷപ്പ് കമ്മീഷൻ റിപ്പോർട്ട് സമർപിച്ചു.

കമ്മീഷൻ നിർദേശിച്ചതനുസരിച്ച് 25 മുസ്‌ലിം കുട്ടികളുള്ള സ്കൂളുകളിൽ ഒരു ക്വുർആൻ അധ്യാപകനെ വെക്കാൻ ഉത്തരവായി. ആദ്യമായി പതിനഞ്ച് സ്കൂളുകളിൽ ഇപ്രകാരം അറബി അധ്യാപകർ നിയമിക്കപ്പെട്ടു. എന്നാൽ ഈ പഠനസൗകര്യം സ്കൂൾ പ്രവൃത്തി സമയം തുടങ്ങുന്നതിനു മുമ്പായിരുന്നു നൽകിയിരുന്നത്. സ്കൂളുകളിലെ ടൈം ടേബിളിൽ ഇത് സ്ഥാനം പിടിച്ചിരുന്നില്ല. 1947 ൽ സി.പി രാമസ്വാമി അയ്യർ ദിവാനായിരുന്ന സമയത്താണ് മറ്റു വിഷയങ്ങളോടൊപ്പം തന്നെ സ്കൂൾ സമയത്ത് അറബി പഠിപ്പിക്കാൻ ഉത്തരവായത്. അതേസമയം മലബാറിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമായിരുന്നില്ല. ബ്രിട്ടീഷുകാർക്കെതിരെയുള്ള മുസ്‌ലിം സമുദായത്തിന്റെ എതിർപ്പുകളെ നേരിടാൻ മദിരാശിയിൽ 1930 ൽ ഗവർണർ സർ മുഹമ്മദ് ഉഥ്മാന്റെ നേതൃത്വത്തിൽ കമ്മീഷനെ നിയമിക്കുകയും സ്കൂളുകളിൽ മതപഠനമെന്ന ആശയം കമ്മീഷൻ നിർദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അറബിക് പണ്ഡിറ്റുമാരെയും റിലീജിയസ് ഇൻസ്ട്രക്റ്റർമാരെയും നിയമിക്കാൻ അവർ തീരുമാനിച്ചു. അറബിയെ രണ്ടാം ഭാഷകളിൽ ഒന്നായി അംഗീകരിച്ചുകൊണ്ട് ആറാം ക്ലാസ് (അന്നത്തെ ഫസ്റ്റ് ഫോം) മുതൽ അറബി പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയത്.

1957ലെ ഒന്നാമത്തെ കേരള മന്ത്രിസഭ അധികാരമേറ്റെടുത്തപ്പോൾ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഡോ: ജോസഫ് മുണ്ടശ്ശേരിക്ക് കരുവള്ളി മുഹമ്മദ് മൗലവി നൽകിയ നിവേദനമാണ് കേരളത്തിൽ ഇന്ന് കാണുന്ന അറബി ഭാഷ പ്രചാരണത്തിന്റെ മുഖ്യഹേതുവായി കരുതപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്കൂളുകളിലെ അറബി പഠനം ഏകീകരിക്കുവാൻ വേണ്ടി മുണ്ടശ്ശേരി ഒരു കമ്മീഷനെ നിയമിച്ചു അതിന്റ കൺവീനർ കരുവള്ളിയായിരുന്നു. പാഠ

പുസ്തകങ്ങൾ മാത്രമല്ല, ഗൈഡുകളും അധ്യാപക സഹായികളുമെല്ലാം നിർമിച്ചിരുന്നത് ഈ കമ്മറ്റിയായിരുന്നു. പിന്നീടങ്ങോട്ട് പൊതുവിദ്യാഭ്യാസത്തിലുണ്ടായ മുഴുവൻ പരിഷ്കരണങ്ങളും അറബി ഭാഷാ പഠനത്തിനും ആവാഹിക്കാൻ സാധിച്ചു.

# അദ്ധ്യായം 3

## സമാന പഠനങ്ങൾ

3 – 1 ആമുഖം

3 – 2 പഠനറിപ്പോർട്ടുകൾ

# സമാന പഠനങ്ങൾ

## 3 – 1 ആമുഖം

കേരളത്തിൽ അറബി ഭാഷാ പഠനം പ്രൈമറിതലം മുതൽ ആരംഭിക്കുന്നുണ്ട്. ഭാഷാപഠനം ആകർഷണീയവും ആസ്വാദ്യകരവും ആകുന്ന രീതിയിലാണ് *അഹ്‌ലൻ അറബിക്* എന്ന പദ്ധതിയിൽ പഠനപ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. അറബി സംസാരഭാഷ അല്ലാത്ത രാജ്യങ്ങളിലുള്ള പ്രൈമറി സ്കൂളുകളിൽ എങ്ങനെ അറബി ഭാഷ പഠിപ്പിക്കാം എന്ന വിഷയത്തിൽ പഠന ഗവേഷണങ്ങൾ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുണ്ട്. സഊദി അറേബ്യയിലെ ഉമ്മുൽഖുറാ യൂണിവേഴ്സിറ്റിയിൽ നടന്ന تعليم العربية لغير الناطقين بها(അറബി സംസാരിക്കാത്തവരെ അറബി പഠിപ്പിക്കൽ) എന്ന ഗവേഷണ പ്രബന്ധവും, Arabic Language for the Beginners എന്ന ഹസൻ കിൻദീലിന്റെ പഠനവും, King Abdulla Bin Abdil Aziz International Centre for Arabic Language പുറത്തിറക്കിയ أبحاث ودراسات في تعليم اللغة العربية لغير الناطقين بها(അറബി സംസാരഭാഷ അല്ലാത്തവരുടെ അറബി പഠനത്തെക്കുറിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും) എന്ന റിപ്പോർട്ടും ഇതിന് ഉദാഹരണങ്ങളാണ്. ഇവയിലെല്ലാം ഭാഷാപഠനത്തിനും അധ്യാപനത്തിനും പൗരാണിക രീതിശാസ്ത്രങ്ങളാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഭാഷാപഠനത്തിലെ നവീന രീതിയായ ജ്ഞാനനിർമ്മിതി സിദ്ധാന്തത്തിൽ അധിഷ്ഠിത മായിട്ടാണ് *അഹ്‌ലൻ അറബിക്* തയ്യാറാക്കിയിട്ടുള്ളത്. നവ്യാനുഭവങ്ങളോടൊപ്പം അറിവ് നിർമ്മാണം സാധ്യമാക്കുകയും ചെയ്യുന്നു.

## 3 – 2 പഠനറിപ്പോർട്ടുകൾ

1. تعليم العربية لغير الناطقين بها(അറബി സംസാരിക്കാത്തവരെ അറബി പഠിപ്പിക്കൽ)

2. Arabic Language for the beginners –Hassan Kindeel (ഉമ്മുൽ ഖുറാ യൂണിവേഴ്സിറ്റി സഊദി അറേബ്യ )

3. أبحاث ودراسات في تعليم اللغة العربية لغير الناطقين بها King Abdulla bin Abdil Azeez International Centre for Arabic Language

4. تعليم اللغة العربية للناطقين بغيرها (معهد قاصد لتعليم اللغات –(أردن)

5. مؤسسس أسطسنبول للتعليم والأبحاث(ايثار ) تركيا، جامعة النجاح الوطنية . نابلس / فلسطين

6. Teaching Arabic as a foreign Language in UK _ Review commissioned by the British Council November 2016

7. تجربتى فى تعليم اللغة العربية للاطفال فى أستريليا . هناء الحميد

8. Instructed language learning and task based teaching in Minkel . Ellis

9. Hand book of research in second language teaching and learning - Elli Hinkel

10. An analytical and critical study of teaching Arabic in Kerala- Muhammed KK. Calicut university

11. History of Arabic language in Kerala- a study of its advantage , growth and present status - abdussalam Mundampra. Calicut university

12. اتجاهات معاصرة فى تعليم اللغة العربية وتعلمها للناطقين بغيرها – زكريا عمر، صالح محبوب محمد التنقارى ، مهدى مسعود

13. تعليم اللغة العربية للناطقين بغيرها بالطريقة التي اكتسبوها من لغتهم الأم(Abdulla Shobak Muhammed)

# അധ്യായം 4

4–1 ആമുഖം

4–2 തന്ത്രങ്ങൾ, പഠന പ്രവർത്തനങ്ങൾ

    4.2.1– പ്രീ ടെസ്റ്റ് ടൂൾ

    4.2.2– പഠന സാമ്പിൾ

4–3 മൊഡ്യൂൾ–പ്രധാന പ്രവർത്തനങ്ങളും വ്യവഹാരരൂപങ്ങളും

4–4 പോസ്റ്റ് ടെസ്റ്റ്

അധ്യായം 4

# ഗവേഷണ രീതിശാസ്ത്രം (Research Methodology)

## 4-1 ആമുഖം

കേരളത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ അറബി പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ എസ് സി ഇ ആർ ടി യുടെ നേതൃത്വത്തിൽ കേരളത്തിലെ 10 സ്കൂളുകളിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ പദ്ധതിയാണ് അഹ്‌ലൻ അറബിക്. പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനായി പ്രീ-ടെസ്റ്റ് ടൂൾ തയ്യാറാക്കുകയും തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കിടയിൽ നടത്തിയ പ്രീ-ടെസ്റ്റിന്റെ ഫലമായി അത്തരം കുട്ടികൾ ഉണ്ടെന്ന് കണ്ടെത്താൻ സാധിക്കുകയും ചെയ്തു. ആശയവിനിമയം, വായന, എഴുത്ത്, ഭാഷാ ഘടകങ്ങളുടെ പ്രയോഗം തുടങ്ങിയ മേഖലകളിൽ ചെറിയ ശതമാനം കുട്ടികൾ വേണ്ടത്ര ശേഷി കൈവരിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവരെ ഉയർത്തിക്കൊണ്ടു വരുവാൻ വേണ്ടി പ്രത്യേകം പദ്ധതി ആവിഷ്കരിക്കുകയും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ അടങ്ങിയ 25 മണിക്കൂർ ക്ലാസിനുള്ള മോഡ്യൂൾ തയ്യാറാക്കുകയും ചെയ്തു. വിവിധ വ്യവഹാരരൂപങ്ങൾ അടങ്ങിയ ആസ്വാദ്യകരമായ പഠനാനുഭവങ്ങൾ നൽകുന്നതാണ് പ്രസ്തുത മോഡ്യൂൾ. കുട്ടികൾ ആസ്വദിച്ച് പങ്കെടുത്ത ഈ പഠന പ്രവർത്തനങ്ങളിലൂടെ കടന്നു പോയതിനു ശേഷം നടത്തിയ പോസ്റ്റ് ടെസ്റ്റിൽ അവരുടെ ഭാഷ ശേഷികളിൽ വ്യക്തമായ പുരോഗതി ഉണ്ടായതായി കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രൈമറിതലത്തിലുള്ള കുട്ടികളുടെ അറബി ഭാഷയിലെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ ഉതകുന്ന ഒരു പദ്ധതിയായി അഹ്‌ലൻ അറബിക് വിലയിരുത്തപ്പെടുന്നു.

## 4-2 തന്ത്രങ്ങൾ, പഠന പ്രവർത്തനങ്ങൾ

അഹ്‌ലൻ അറബിക് പദ്ധതിയുടെ തന്ത്രങ്ങളും പഠനപ്രവർത്തനങ്ങളും പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനും അവരെ ഉണർത്തി കൊണ്ടുവരുവാനും അനുയോ ജ്യമായിരുന്നു.

### 4.2.1– പ്രീ ടെസ്റ്റ് ടൂൾ

പ്രൈമറി ക്ലാസിലെ അറബി ഭാഷ പഠിക്കുന്ന കുട്ടികളുടെ ഭാഷാശേഷി എത്രത്തോളമുണ്ട് എന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഈ ടൂൾ തയ്യാറാക്കിയത്. വായന, എഴുത്ത്, അവതരണം എന്നിവയിലാണ് പ്രധാനമായും ഈ ടൂൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ആശയങ്ങൾ, വാചകങ്ങൾ, വാക്കുകൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിയാനും വായിക്കാനും എഴുതാനുമുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട പത്ത് സ്കൂളുകളിലെ 594 കുട്ടികളിൽ നടത്തിയ ടെസ്റ്റിൽ 108 കുട്ടികളെ പിന്നാക്കം നിൽക്കുന്നവരായി കണ്ടെത്തുകയും അവരിൽ ഈ പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

*പട്ടിക 1 – പ്രീ ടെസ്റ്റ് സംബന്ധിച്ച വിവരം*

| ക്രമ ന. | ജില്ല | പങ്കെടുത്തവരുടെ എണ്ണം | മികച്ചവർ | പിന്നാക്കം നിൽക്കുന്നവർ | ശതമാനം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 54 | 43 | 11 | 20% |
| 2 | കൊല്ലം | 64 | 51 | 13 | 20% |
| 3 | മലപ്പുറം | 278 | 229 | 49 | 18% |
| 4 | കോഴിക്കോട് | 80 | 65 | 15 | 19% |
| 5 | വയനാട് | 54 | 45 | 9 | 17% |
| 6 | കണ്ണൂർ | 64 | 53 | 11 | 17% |
| | **ആകെ** | **594** | **487** | **108** | **18%** |

### 4.2.2– പഠന സാമ്പിൾ

അഹ്‌ലൻ അറബിക് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ആറ് ജില്ലകളിൽ നിന്നും (തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ) 10 അധ്യാപകരെ തെരഞ്ഞെടുത്തു. 3,4,6,7 ക്ലാസ്സുകളിലെ കുട്ടികളിലാണ് പദ്ധതി നടപ്പിലാക്കിയത്. പഠന സാമ്പിളിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2 – പഠന സാമ്പിൾ സംബന്ധിച്ച വിവരം

| ക്രമ ന. | ജില്ല | അധ്യാപകരുടെ എണ്ണം | കുട്ടികളുടെ എണ്ണം | ക്ലാസ്സ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 11 | 3,4 |
| 2 | കൊല്ലം | 1 | 13 | 6,7 |
| 3 | മലപ്പുറം | 4 | 49 | 3,4 |
| 4 | കോഴിക്കോട് | 1 | 15 | 6 |
| 5 | വയനാട് | 1 | 9 | 3,4 |
| 6 | കണ്ണൂർ | 1 | 11 | 3,4 |
| | **ആകെ** | **10** | **108** | |

പട്ടിക 3 – അഹ്‌ലൻ അറബികിൽ പങ്കെടുത്ത കുട്ടികളുടെ വിവരം.

| ക്രമ ന. | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | GHS ശ്രീകാര്യം തിരുവനന്തപുരം | 4 | 2 | 6 |
| 2 | GLPS മംഗലപുരം തിരുവനന്തപുരം | 2 | 3 | 5 |
| 3 | TKDM UPS ശൂരനാട് കൊല്ലം | 7 | 6 | 13 |
| 4 | GLPS വളയപ്പുറം മലപ്പുറം | 2 | 2 | 4 |
| 5 | GLPS പള്ളിശ്ശേരി മലപ്പുറം | 4 | 4 | 8 |
| 6 | GLPS പൂക്കളം മലപ്പുറം | 5 | 3 | 8 |
| 7 | GHSS പുതുപ്പറമ്പ മലപ്പുറം | 17 | 12 | 29 |
| 8 | GUPS നാദാപുരം കോഴിക്കോട് | 9 | 6 | 15 |
| 9 | GUPS പുഴാതി കണ്ണൂർ | 7 | 4 | 11 |
| 10 | SJTTI മാനന്തവാടി വയനാട് | 5 | 4 | 9 |
| | **ആകെ** | **60** | **48** | **108** |

### 4-3 മൊഡ്യൂൾ-പ്രധാന പ്രവർത്തനങ്ങളും വ്യവഹാരരൂപങ്ങളും

25 മണിക്കൂർ സമയത്തേക്കുള്ള ഒരു പ്രവർത്തന പാക്കേജ് ആണ് അഹ്‌ലൻ അറബിക് മോഡ്യൂൾ. കുട്ടിയെ അറിയുക, പ്രശ്നങ്ങളും പരിമിതികളും മികവുകളും തിരിച്ചറിയുക, അവനെ സ്വയം ബോധത്തിലേക്ക് ഉണർത്തുക, ആത്മവിശ്വാസം ഉള്ളവനാക്കുക എന്നിവയുടെ ഭാഗമായി ഭാഷാ ശേഷികളുടെ വിലയിരുത്തൽ ആദ്യഘട്ടത്തിൽ തന്നെ നടക്കുന്നുണ്ട്. അറബി വായിക്കാനും എഴുതാനും സംസാരിക്കാനും, ഭാഷാഘടകങ്ങൾ പ്രയോഗിക്കാനുള്ള അവസരങ്ങളും പരിശീലനങ്ങളും നൽകുന്ന രീതിയിലാണ് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അറിവിനെ നിർമിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു എന്നത് ഇതിന്റെ ഒരു പ്രത്യേകതയാണ്. കരിക്കുലം മുന്നോട്ടുവെക്കുന്ന ഭാഷാശേഷികൾ നേടിയെടുക്കുന്നതിൽ പിന്നാക്കം നിൽക്കുന്നവരെ ഉദ്ദേശിച്ചാണ് ഇവ ഒരുക്കിയിട്ടുള്ളത്. കഥ, കവിത, വിവരണം, സംഭാഷണം, ആഖ്യാനം തുടങ്ങിയ വ്യവഹാര രൂപങ്ങളോടൊപ്പം ഭാഷാകളികൾ, വീഡിയോ-ഓഡിയോ ക്ലിപ്പുകൾ തുടങ്ങിയവയുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങൾ ആകർഷണീയമായി അവതരിപ്പിക്കുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. ആശയ അവതരണം ചോദ്യങ്ങൾ ഉന്നയിക്കൽ, വാചിക പ്രകടനം, വായന തുടങ്ങിയ പ്രക്രിയകളിലൂടെയാണ് ഓരോ പ്രവർത്തനവും കടന്നുപോകുന്നത്.

### 4-4 പോസ്റ്റ് ടെസ്റ്റ്

അഹ്‌ലൻ അറബികിന്റെ യഥാർത്ഥ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണ്. അവർക്ക് ഇതിന്റെ പ്രയോജനം എത്രമാത്രം ലഭിച്ചു എന്നതിനെ അടിസ്ഥാനമാക്കിയാണ് അതിന്റെ ഫലപ്രാപ്തി വിലയിരുത്തപ്പെടുന്നത്. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരവും ഫലപ്രദവുമാക്കി മാറ്റുന്നതിന് അഹ്‌ലൻ അറബിക്കിൽ ഉപയോഗിച്ച വ്യവഹാര രൂപങ്ങളും സാമഗ്രികളും എത്രമാത്രം ഗുണകരവും ശിശു സൗഹൃദവും ആയിരുന്നു എന്നത് തുടർന്നു നടന്ന പോസ്റ്റ് ടെസ്റ്റ് നമുക്ക് വ്യക്തമാക്കിത്തരുന്നു. തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലെ പിന്നാക്കം നിൽക്കുന്ന 108 കുട്ടികളിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ ഈ പദ്ധതി പൂർത്തിയായപ്പോൾ 82% കുട്ടികൾക്കും പദ്ധതി ലക്ഷ്യം വെച്ച നേട്ടങ്ങൾ കരസ്ഥമാക്കാനായി. ഇത്തരം പദ്ധതികൾ കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും നടപ്പിലാക്കണം എന്നതിലേക്കാണ് ഈ നേട്ടങ്ങൾ വിരൽചൂണ്ടുന്നത്.

*പട്ടിക 4 – പോസ്റ്റ് ടെസ്റ്റ് സംബന്ധിച്ച വിവരം (%)*

| ക്രമ ന. | ജില്ല | മികച്ചത് | ഭാഗികം | ഇല്ല | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 81.81 | 18.19 | 0.00 | 100 |
| 2 | കൊല്ലം | 76.92 | 23.08 | 0.00 | 100 |
| 3 | മലപ്പുറം | 81.63 | 18.37 | 0.00 | 100 |
| 4 | കോഴിക്കോട് | 80.00 | 20.00 | 0.00 | 100 |
| 5 | വയനാട് | 77.77 | 22.23 | 0.00 | 100 |
| 6 | കണ്ണൂർ | 90.00 | 10.00 | 0.00 | 100 |
| | **ആകെ** | **81.48** | **18.52** | **0.00** | **100** |

# അദ്ധ്യായം 5

5–1 ആമുഖം

5–2 സാമഗ്രികൾ – പ്രീ ടെസ്റ്റ്

5–2 –1 ആശയ വിനിമയം

5–2 – 2 വായന

5–2 – 3 എഴുത്ത്

5–3 പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ

5–4 മൊഡ്യൂൾ വിശകലനം

5–5 പോസ്റ്റ് ടെസ്റ്റ്

# ദത്തവിശകലം

## 5–1 ആമുഖം

അഹ്ലൻ അറബിക് എന്ന് ഭാഷാ പരിപോഷണ പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലെ മൂന്ന് നാല് ആറ് ഏഴ് ക്ലാസുകളിലെ കുട്ടികളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. അറബിഭാഷയിൽ ആശയമുൾകൊണ്ടുള്ള വായന, രചന, ഭാഷാ ഘടകങ്ങളുടെ സന്ദർഭോചിതമായ പ്രയോഗവൽക്കരണം, ആശയവിനിമയം നടത്താനുള്ള ശേഷി തുടങ്ങിയവ വേണ്ടത്ര കൈവരിക്കാത്ത കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത്തരം കുട്ടികളെ കണ്ടെത്തുന്നതിന് ആശയവിനിമയം, വായന, എഴുത്ത് എന്നീ മേഖലകളെ കേന്ദ്രീകരിച്ച് ഒരു പ്രീ ടെസ്റ്റ് സാമഗ്രി തയ്യാറാക്കി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 594 കുട്ടികളിൽ പരീക്ഷിക്കുകയും അതിൽനിന്ന് 108 കുട്ടികളാണ് ആശയവിനിമയം വായന എഴുത്ത് എന്നീ മേഖലകളിൽ പിന്നാക്കം നിൽക്കുന്നവരായി കണ്ടെത്തിയത് ഈ കുട്ടികളിലാണ് അഹ്ലൻ അറബിക് ഭാഷാ പരിപോഷണ പദ്ധതി നടപ്പിലാക്കിയത്.

## 5 – 2 സാമഗ്രികൾ – പ്രീ ടെസ്റ്റ്

അഹ്ലൻ അറബിക് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടാനും പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനുമാണ് പ്രീ ടെസ്റ്റ് നടത്തിയത്. പ്രധാനമായും മൂന്നു മേഖലയെയാണ് ഇത് കേന്ദ്രീകരിച്ചത്.

**1–ആശയവിനിമയം**

പ്രൈമറി തലത്തിലുള്ള ഒരു കുട്ടി അറബി ഭാഷയിൽ മറ്റൊരാളുമായി ആശയവിനിമയം നടത്താൻ ഉപയോഗിക്കുന്ന അഭിസംബോധന വാചകങ്ങൾ, ഉപചാരവാക്കുകൾ, സംഭാഷണ ശൈലികൾ, ആശയവിനിമയ വാചകങ്ങൾ മുതലായവ സ്വാഭാവിക സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ

എന്നാണ് പ്രീ ടെസ്റ്റിലൂടെ പരീക്ഷിച്ചത്. അതോടൊപ്പം ഒരു ആശയത്തെ അറബിയിൽ അവതരിപ്പിക്കുവാനുള്ള കുട്ടിയുടെ ശേഷിയും വിലയിരുത്തി. ചിത്രത്തിന്റെ സഹായത്തോടെ ചില ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ടും വാചിക പ്രതികരണത്തിലൂടെയും ഓരോ കുട്ടിയും ഈ മേഖലയിൽ എവിടെ എത്തി നിൽക്കുന്നു എന്ന് കൃത്യമായി നിർണയിക്കുവാൻ സാധിച്ചു.

**2–വായന**

മൂന്ന് മേഖലകളിലൂടെയാണ് വായന ശേഷി വിലയിരുത്തിയത്.

**ഒന്ന്** –വാക്യങ്ങളുടെ വായന. വാചിക വിലയിരുത്തലിനു നൽകിയ ചിത്രത്തെ ആസ്പദമാക്കിയുള്ള ചെറുവിവരണം ആണ് ഇതിനായി ഉപയോഗിക്കപ്പെട്ടത്.

**രണ്ട്** –പദങ്ങളുടെ വായന. വാക്യ വായനയിൽ നിന്നുള്ള അതേ പദങ്ങളെ തന്നെ ഇതിനായി ഉപയോഗിച്ചു.

**മൂന്ന്**–അക്ഷര വായന. പദവായനക്ക് ഉപയോഗിച്ച വാക്കുകളിലെ ഓരോ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുന്ന രീതി. ഈ വായന വിലയിരുത്തൽ പ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ ഓരോ കുട്ടിയുടെയും വായനാ ശേഷിയുടെ നില കൃത്യമായി നിർണയിക്കാൻ സാധിക്കുന്നു.

അറബിഭാഷയിൽ ഉച്ചാരണത്തിന് വലിയ പ്രാധാന്യമുണ്ട്. ഉച്ചാരണങ്ങൾ തെറ്റിയാൽ ആശയങ്ങളും അർത്ഥവും തെറ്റിപ്പോകും. ഓരോ അക്ഷരത്തിന്റേയും കൃത്യമായ ഉച്ചാരണങ്ങൾ വിലയിരുത്താൻ ഈ പ്രക്രിയയിലൂടെ സാധിക്കുന്നു.

**3 – എഴുത്ത്**

എല്ലാ ഭാഷകളെയും പോലെ തന്നെ അറബി ഭാഷയ്ക്കും എഴുത്തിന് വലിയ പ്രാധാന്യമുണ്ട്. അവയുടെ രൂപവും ശൈലിയും പരസ്പരം മാറിയാൽ അക്ഷരങ്ങൾ മാറുകയും അർത്ഥങ്ങൾക്കും ആശയങ്ങൾക്കും വൈകല്യം സംഭവിക്കുകയും ചെയ്യും. ഈ മേഖല വിലയിരുത്തുവാൻ വേണ്ടി ഒരുക്കിയ പ്രീ ടെസ്റ്റ് മൂന്ന് രീതിയാണ് അവലംബിച്ചിട്ടുള്ളത്.

**ഒന്ന്** –ഒരു ആശയം നൽകി ആ ആശയത്തിൽ കുട്ടികൾക്ക് ഭാഷാ ഘടകങ്ങളും ശൈലികളും ഉപയോഗിച്ചുകൊണ്ടുള്ള വാക്യങ്ങൾ രചിക്കുവാനുള്ള അവസരം. ഇതിലൂടെ കുട്ടിയുടെ രചനാ ശേഷി വിലയിരുത്താം.

**രണ്ട്** –പദങ്ങൾ എഴുതുന്ന രീതി.

**മൂന്ന്**–അക്ഷരങ്ങൾ എഴുതുന്ന രീതി.

ഇവയിലൂടെ കടന്നുപോകുമ്പോൾ ഒരു കുട്ടിയുടെ രചനാ ശേഷി നിഷ്പ്രയാസം നിർണയിക്കാൻ കഴിയും. ഈ പ്രീടെസ്റ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പലതരത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന കുട്ടികളെ

കണ്ടെത്താൻ സാധിച്ചു.

## 5 – 3 പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ.

- പ്രൈമറി തലത്തിലുള്ള ഒരു കുട്ടി നേടേണ്ട ആശയവിനിമയ ശേഷി നേടാൻ പ്രയാസം നേരിടുന്നവർ.
- ആശയം ഗ്രഹിച്ചു ഉള്ള വായനക്ക് പ്രയാസം നേരിടുന്നവർ. ഭാഷാ ഘടകങ്ങളെ പ്രയോഗ വൽക്കരിക്കുന്നതിൽ പ്രയാസം നേരിടുന്നവർ.
- അക്ഷരങ്ങളുടെ ഉച്ചാരണത്തിലും എഴുത്തിലും പ്രയാസം നേരിടുന്നവർ.

## 5 – 4 മോഡ്യൂൾ വിശകലനം.

ജ്ഞാനനിർമ്മിതി സിദ്ധാന്തത്തിൽ അധിഷ്ഠിതമായ പഠനരീതികൾ അവലംബിച്ചിട്ടും ചെറിയ ശതമാനം കുട്ടികൾക്ക് കരിക്കുലം ലക്ഷ്യംവെക്കുന്ന ഭാഷാശേഷി നേടുന്നതിൽ പ്രയാസമനുഭവിക്കുന്നവർ നമ്മുടെ ക്ലാസ് മുറികളിൽ ഉണ്ട് എന്ന് പ്രീ ടെസ്റ്റിലൂടെ നമുക്ക് ബോധ്യമായിരിക്കുന്നു. അത്തരം കുട്ടികളിൽ ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് അഹ്‌ലൻ അറബിക് പദ്ധതിക്ക് രൂപം നൽകിയത്. വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ പതിനഞ്ചോളം പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് 25 മണിക്കൂറിന്റെ ഒരു പാക്കേജ് ആണ് ഇത്. കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലഘൂവാക്കുന്നതിനും പരിഹരിക്കുന്നതിനുമാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. എല്ലാ ഘട്ടങ്ങളിലും ശിശുകേന്ദ്രീകൃതമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പഠിതാവിന്റെ പഠനത്തിനുള്ള താൽപര്യത്തിനും, അഭിരുചിക്കും പ്രാധാന്യം നൽകുന്നുണ്ട്. ജീവിത പരിസരവുമായി ബന്ധപ്പെടുത്താനും, പ്രക്രിയാ ബന്ധിതമാക്കാനും ആത്മവിശ്വാസത്തോടെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പഠിതാവിന്റെ പ്രകടനങ്ങൾക്കും ധാരണകൾക്കും പരിഗണന നൽകാനും ഈ മോഡ്യൂളിന് സാധിച്ചിട്ടുണ്ട്. കഥ, കവിത, സംഭാഷണം, ചിത്രകഥ, ഭാഷാകളികൾ തുടങ്ങിയ വ്യവഹാരരൂപങ്ങളിലൂടെ ഈ മൊഡ്യൂൾ കടന്നുപോകുന്നു. അതിനുപുറമേ വിവരവിനിമയ സാങ്കേതികവിദ്യ പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആശയങ്ങളിൽ നിന്ന് വാക്യങ്ങളിലേക്കും വാക്യങ്ങളിൽ നിന്ന് പദങ്ങളിലേക്കും പദങ്ങളിൽ നിന്ന് അക്ഷരങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുന്ന ബോധന രീതിയാണ് ഇതിൽ ഉള്ളത്. ഇവയെ ക്രമീകരിച്ചിരിക്കുന്നത് الحروف الهجائية യുടെ അടിസ്ഥാനത്തിലാണ്. വീഡിയോ, ചിത്രകഥകൾ, ആഖ്യാനങ്ങൾ, കഥകൾ, റോൾ പ്ലേ, ഭാഷാകളികൾ പോലുള്ള രീതിയിൽ അവതരിപ്പിച്ചപ്പോൾ കുട്ടികൾ വളരെ ആസ്വാദിച്ചാണ് പഠനപ്രക്രിയയിൽ ഏർപ്പെട്ടത്. പിന്നാക്കം നിൽക്കുന്നവർക്ക് ആത്മധൈര്യം ലഭിക്കാനും സ്വയം വിലയിരുത്തി മുന്നേറാനും ഇത് കാരണമായിട്ടുണ്ട്. ഓരോ പ്രവർത്തനങ്ങളിലും

ആശയ കൈമാറ്റത്തിനും വായനക്കും എഴുത്തിനും ഭാഷാ ഘടകങ്ങളുടെ പ്രയോഗത്തിനും അവസരങ്ങളുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ മൊഡ്യൂൾ നടപ്പിലാക്കിയപ്പോൾ പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ 82 ശതമാനം പേരിലും പുരോഗതി ദൃശ്യമായത്. 18 ശതമാനം കുട്ടികളെക്കൂടി മുന്നോട്ട് കൊണ്ടുവരാൻ മോഡ്യൂളിനെ വീണ്ടും അപഗ്രഥനത്തിന് വിധേയമാക്കി ആവശ്യമായ ഉൾ ചേർക്കലുകൾ നടത്തേണ്ടതാണ്.

## 5 – 5 പോസ്റ്റ് ടെസ്റ്റ്

പ്രീടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നാക്കം നിൽക്കുന്ന കുട്ടികളെ 25 മണിക്കൂർ ദൈർഘ്യമുള്ള മോഡ്യൂളിലൂടെ കടന്നു പോയതിനുശേഷം അവരിൽ ഉണ്ടായ മാറ്റം കൃത്യമായി വിലയിരുത്താൻ വേണ്ടി നടത്തിയതാണ് പോസ്റ്റ് ടെസ്റ്റ്. പ്രീടെസ്റ്റിന് ഉപയോഗിച്ച അതേ സാമഗ്രി തന്നെയാണ് പോസ്റ്റ് ടെസ്റ്റിനും ഉപയോഗിച്ചത്. അത് കുട്ടികളിൽ ഉണ്ടായ മാറ്റം പെട്ടെന്ന് മനസ്സിലാക്കാൻ സഹായിച്ചു.. പോസ്റ്റ് ടെസ്റ്റ് പിന്നാക്കം നിൽക്കുന്ന 108 കുട്ടികളിൽ മാത്രമാണ് നടത്തിയത്. അതിൽ 82 ശതമാനം കുട്ടികളും വളരെ മികച്ച നിലവാരത്തിൽ എത്തിയിട്ടുണ്ട്. 18 ശതമാനം കുട്ടികൾ ഭാഗമായിട്ടാണ് പുരോഗതി കൈവരിച്ചത്. ഇത് ഈ പദ്ധതി പിന്നാക്കം നിൽക്കുന്ന മുഴുവൻ കുട്ടികൾക്കും പ്രയോജനകരമാവും വിധം നടപ്പിലാക്കണം എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

# അദ്ധ്യായം 6

6–1 കണ്ടെത്തലുകൾ

6.1.1. ആസൂത്രണം

6.1.2 നടപ്പിലാക്കൽ

6.1.3 നിരീക്ഷണവും വിലയിരുത്തലുകളും

6.1.4 പ്രവർത്തനങ്ങൾ തന്ത്രങ്ങൾ

6.1.5 മനോഭാവം.

6.1.6 ഉൽപ്പന്നങ്ങൾ

6.1.7 വിദ്യാർഥികൾ.

6–2 നിർദ്ദേശങ്ങൾ

6–3 റഫറൻസ്

# കണ്ടെത്തലുകളും നിർദേശങ്ങളും

അഹ്‌ലൻ അറബിക് പദ്ധതി വിദ്യാലയ ങ്ങളിൽ നടപ്പാക്കിയതിന്റെ ഫലപ്രാപ്തി പരിശോധിക്കുന്നതിനായി നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകളും നിർദേശങ്ങളും ചുവടെ നൽകിയിരിക്കുന്നു.

## 6–1 കണ്ടെത്തലുകൾ

### 6.1.1. ആസൂത്രണം

തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ആറു ജില്ലകളിലും വ്യക്തമായ ആസൂത്രണം നടത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രീ ടെസ്റ്റ് നടത്തിയാണ് ഈ പദ്ധതിക്ക് കുട്ടികളെ കണ്ടെത്തിയത്. എല്ലാ കേന്ദ്രങ്ങളിലും അനുയോജ്യമായ ഭൗതിക സാഹചര്യം പ്രവർത്തന ക്ഷമമാക്കി. അഹ്‌ലൻ അറബിക് പദ്ധതി പിന്നാക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ട് വരുവാൻ ആവശ്യമാണെന്ന് എല്ലാ പ്രഥമാധ്യാപകരും അഭിപ്രായപ്പെട്ടു.

### 6.1.2 നടപ്പിലാക്കൽ

- അഹ്‌ലൻ അറബിക് പദ്ധതി നടപ്പിലാക്കിയത് ജനുവരി, ഫെബ്രുവരി മാസത്തിലാണ്.
- പഠന പ്രവർത്തനങ്ങൾ സാധാരണ സ്കൂൾ സമയത്തും മറ്റു ഒഴിവ് സമയങ്ങളിലുമായിരുന്നു.
- സ്കൂളുകളിലെ മികച്ച ഭൗതിക സാഹചര്യം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സഹായകരമായിരുന്നു.
- പ്രഥമാധ്യാപകരുടേയും മറ്റധ്യാപകരുടേയും രക്ഷിതാക്കളുടേയും ജനപ്രതിനിധികളുടേയും സഹായ സഹകരണങ്ങൾ ഈ പദ്ധതി നടപ്പിലാക്കാൻ സഹായകമായി.

### 6.1.3 നിരീക്ഷണവും വിലയിരുത്തലുകളും

- അഹ്ലൻ അറബിക് പുതിയ പദ്ധതിയായതിനാൽ അധ്യാപകരും വിദ്യാർത്ഥികളും വളരെ താൽപര്യപൂർവ്വം ഏറ്റെടുത്തു.
- പരിശീലനം ലഭിച്ച വിദ്യാർത്ഥികളിൽ വലിയ പുരോഗതി ദൃശ്യമായി. വായനയിലും എഴുത്തിലും ഉത്സാഹം കാണിച്ചു.
- കുട്ടികൾക്ക് പഠനവേഗം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വർധിച്ചിട്ടുണ്ട്.
- സർഗാത്മ രചനകളിൽ ചില കുട്ടികളിൽ പ്രാഗൽഭ്യം തെളിയിച്ചു.
- ഐ.സി.ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ കുട്ടികൾ താൽപര്യപൂർവ്വം ഏറ്റെടുത്തു.
- പ്രധമാധ്യാപകൻ ക്ലാസ് നിരീക്ഷണവും വിലയിരുത്തലും കാര്യക്ഷമമാക്കിയിട്ടുണ്ട്.
- കുട്ടികൾക്ക് എഴുത്തിലും വായനയിലും ഉള്ള തെറ്റുകൾ സ്വയം കണ്ടെത്താനും തിരുത്താനുമുള്ള ശേഷി കൈവരിച്ചിട്ടുണ്ട്.
- പ്രത്യേക പിന്തുണ, പ്രോത്സാഹനം, സമ്മാനം നൽകൽ എന്നിവ കുട്ടികളെ പഠനത്തിൽ മുന്നേറാൻ സഹായിച്ചിട്ടുണ്ട്.
- രക്ഷിതാക്കൾ, പി ടി എ, ജനപ്രതിനിധികൾ മുതലായവരുടെ പിന്തുണയും പ്രോത്സാഹനവും ലഭിച്ചിട്ടുണ്ട്.

### 6.1.4 പ്രവർത്തനങ്ങൾ തന്ത്രങ്ങൾ

- വിവരവിനിമയ സങ്കേതിക വിദ്യ ഉപയോഗിച്ചുള്ള അധ്യാനങ്ങൾ, പഠന പ്രവർത്തനങ്ങൾ തടുങ്ങിയവ വിദ്യാർത്ഥികളിൽ താൽപര്യമുണ്ടാക്കി.
- വീഡിയോ കാണൽ, കഥ കേൾക്കൽ, കവിതാ ആലാപനവും ആസ്വാദനവും, ഭാഷാ കളികൾ, റോൾ പ്ലേ എന്നിവയിൽ കുട്ടികൾ അതീവ താൽപര്യത്തോടെ പങ്കാളികളായി.
- ചാർട്ട്, കാർഡുകൾ, പ്രൊജക്റ്റർ, വർക്ക്ഷീറ്റ് തുടങ്ങിയവ ഫലപ്രദമായി ഉപയോഗിച്ചു.

### 6.1.5 മനോഭാവം.

അഹലൻ അറബികിലെ പഠന പ്രവർത്തനങ്ങളുടെ പ്രധാനാധ്യാപകർക്കും മറ്റു അധ്യാപകർക്കും രക്ഷിതാക്കൾക്കും അനുകൂല മനോഭാവമാണ് ഉണ്ടായിരുന്നത് എന്ന് അവരുടെ പ്രതികരണങ്ങളിൽ നിന്ന് വ്യക്തമായിരുന്നു.

### 6.1.6 ഉൽപ്പന്നങ്ങൾ

- അഹ്‌ലൻ അറബിക് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസരിച്ചുള്ള വിജയം കൈവരിച്ചതായിട്ടാണ് ഇത് നടപ്പിലാക്കപ്പെട്ട സ്കൂളുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പുതിയ സമീപന രീതിയിലൂടെ നടപ്പിലാക്കപ്പെട്ട ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആസ്വാദ്യകരമായിരുന്നു. വായന, എഴുത്ത്, സംഭാഷണം എന്നീ മേഖലകളിൽ മികവു പുലർത്താൻ വിദ്യാർത്ഥികൾക്ക് ഇതിലൂടെ സാധിച്ചിട്ടുണ്ട്.
- കുട്ടികളുടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കാനും വായന മെച്ചപ്പെടുത്താനും ആസ്വാദനശേഷി, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കാനും അക്ഷരത്തെറ്റ് കുറയ്ക്കുവാനും ഈ പദ്ധതി വളരെ ഫലപ്രദമായിരുന്നു.
- വ്യക്തിഗത പിന്തുണ നൽകുന്നതിന് ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ വളരെ ഉചിതമായിരുന്നു.

### 6.1.7 വിദ്യാർഥികൾ.

- പിന്നാക്കം നിൽക്കുന്നവരെ പഠന പ്രവർത്തനങ്ങളിലൂടെ ഉയർത്തി കൊണ്ടുവരാൻ സാധിച്ചു.
- അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തിലെ വിവിധ രൂപങ്ങൾ (ആദ്യം, മദ്ധ്യം, അന്ത്യം) എന്നിവ തിരിച്ചറിഞ്ഞ് പ്രയോഗിക്കാനുള്ള ശേഷി എന്നിവ നേടി.
- വായനയിൽ പ്രയാസം നേരിട്ടിരുന്ന കുട്ടികൾക്ക് അത് മറിക്കാൻ സാധിച്ചു.
- ആത്മ വിശ്വാസത്തോടെ സംഭാഷണങ്ങളിൽ ഏർപ്പെടാനും കുട്ടികൾക്ക് സാധിച്ചു.

## 6–2 നിർദ്ദേശങ്ങൾ

- അറബി ഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന മുഴുവൻ കുട്ടികൾക്കും പ്രയോജനകരമാകുന്ന വിധം ഈ പദ്ധതി നടപ്പിൽ വരുത്തുക.

- പഠനസമയത്തെ തടസ്സപ്പെടുത്താതെ അധിക സമയം കണ്ടെത്തി പരിശീലനം നൽകുക.
- എല്ലാ അധ്യാപകർക്കും പദ്ധതിയുടെ സമീപന രീതി മനസ്സിലാക്കാൻ അവസരം നൽകുക.
- രക്ഷിതാക്കൾക്ക് പദ്ധതിയുടെ സമീപനവും പ്രവർത്തനരീതിയും പരിചയപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.
- ചാർട്ടുകൾ, അക്ഷര–ചിത്ര കാർഡുകൾ, വായനാ കാർഡുകൾ, ഡിജിറ്റൽ ടെക്സ്റ്റുകൾ മുതലായവ വികസിപ്പിച്ച് ലഭ്യമാക്കുക. പഠനപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ആവശ്യമായ വർക്ക്ഷീറ്റുകൾ വികസിപ്പിക്കുക.
- അദ്ധ്യാപക പരിശീലന പരിപാടികളിൽ അഹ് ലൻ അറബിക് ഉൾപ്പെടുത്തുക.
- പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുക.
- മുഴുവൻ സ്കൂളുകളിലും പദ്ധതിയെക്കുറിച്ചുള്ള വിലയിരുത്തി തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.
- പ്രൈമറി ക്ലാസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കപ്പെട്ട ഈ പദ്ധതി ഹൈസ്കൂൾ, ഹയർസെക്കൻഡറി തലത്തിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.
- എല്ലാ അധ്യാപകർക്കും ഏതു ഘട്ടത്തിലും ലഭ്യമാകുന്ന തരത്തിൽ പ്രവർത്തന പദ്ധതികളും സാമഗ്രികളും ഓൺലൈനിൽ ലഭ്യമാക്കുകയും പുത്തൻ അറിവുകളും അനുഭവങ്ങളും ഉൾപ്പെടുത്തി നിരന്തരം നവീകരിക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യണം.
- പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനങ്ങൾ പഠന തെളിവിന്റെ അടിസ്ഥാനത്തിൽ എല്ലാ പൊതു വിദ്യാലയങ്ങളും വേണ്ടത്ര പ്രാധാന്യത്തോടെ നടത്തുകയും മാധ്യമങ്ങളിൽ പ്രചരിപ്പിക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യണം.

# 6-3 റഫറൻസ്

1. R.L.Trask, Key concepts in Language and Linguistics(Indian Reprint 2004)p.171 Entry: Linguistics, routledge/Foundation books New Delhi.
2. ഡോ.കെ.ചന്ദ്രശേഖരൻ നായർ,വ്യാഖ്യാനം: വാക്യപദീയം,ബ്രഹ്മകാണ്ഡം: ഭർതൃഹരി ,2007 പുറം 77 – 80 ,കാർത്തിക് ബുക്സ് തിരുവനന്തപുരം.
3. Leonard Bloom Field,Language(1994)p. 11, Motilal Banarsidas (First edi-tion 1933)
4. ഡോ.കെ.ചന്ദ്രശേഖരൻ നായർ,പഠനം, വ്യാഖ്യാനം: വാക്യപദീയം,ബ്രഹ്മകാണ്ഡം: ഭർതൃഹരി ,2007,പുറം.28–29,കാർത്തിക് ബുക്സ് തിരുവനന്തപുരം.
5. ഡോ. കെ. എൻ. എഴുത്തച്ചൻ, തൊൽക്കാപ്പിയം, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ: 1991(വാല്യം. 2)പുറം.62–63, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
6. David crystal, Linguistics (1990) p 44 , Penguin books First edition 1971
7. David crystal, Linguistics (1990) p 45 , Penguin books First edition 1971
8. Leonard Bloomfield, Language (1994) p 5 , Motilal banarsidas , ഒന്നാം പതിപ്പ് 1933, ബ്രിട്ടീഷ് പതിപ്പ് 1935
9. ഡോ.കെ. എൻ. ആനന്ദൻ, ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം(2003), പുറം 4 – 6, കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്.തിരുവനന്തപുരം
10. Leonard Bloomfield, Language (1994) p.7 Motilal banarsidas , ഒന്നാം പതിപ്പ് 1933, ബ്രിട്ടീഷ് പതിപ്പ് 1935